പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത് രാജ്

പുസ്തകം 59 ലക്കം 9 ഡിസംബർ 2019




**നാം നമുക്കായി:**
നവകേരള സൃഷ്ടിക്ക് ജനകീയാസൂത്രണം

**ലൈഫ് ഭവന പദ്ധതി:**
ജനുവരിയോടെ രണ്ട് ലക്ഷം
വീടുകളുടെ നിർമ്മാണം പൂർത്തിയാക്കും

**പദ്ധതി നിർവ്വഹണത്തിന്റെ
ഗതിവേഗം വർദ്ധിപ്പിക്കണം**
-മന്ത്രി എ.സി. മൊയ്തീൻ


'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ
ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ഡിസംബർ 2019

## അകത്ത്







ഒറ്റത്തവണ ഉപഭോഗ
പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചു 5

മികവിന് ആദരം 7

പദ്ധതി നിർവ്വഹണത്തിന്റെ
ഗതിവേഗം വർദ്ധിപ്പിക്കണം
-മന്ത്രി എ.സി. മൊയ്തീൻ 10

നാം നമുക്കായി:
നവകേരള സൃഷ്ടിക്ക് ജനകീയാസൂത്രണം
ഡോ. ജെ.ബി. രാജൻ 12

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്:
ഹരിതം, ഹരിതാഭം, ഹരിതവർണ്ണം 16

ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്:
വിഭവ സമാഹരണത്തിലൂടെ
സമഗ്രവികസനത്തിലേക്ക്
അനിതാപ്രസാദ് 20

തിരുന്നാവായ:
ഒത്തൊരുമയുടെ വിജയഗാഥ
ഫൈസൽ എടശ്ശേരി 22

ലൈഫ് ഭവന പദ്ധതി:
ജനുവരിയോടെ രണ്ട് ലക്ഷം
വീടുകളുടെ നിർമ്മാണം പൂർത്തിയാക്കും 25

നഗര ഭരണ ചരിത്രം
എം.വിജയകുമാരൻ നായർ, പൂജപ്പുര 26

കോട്ടയം: നാട്ടുചന്തകളുടെ നാട്
എ.ജെ. അലക്സ് റോയ് 28

രാജകുമാരന്മാരെപ്പോലെ
പി കെ മൊയ്തു 30

ബാലസൗഹൃദ തദ്ദേശഭരണം
പ്രഥമ ദേശീയ പുരസ്കാരം
കോലഴി പഞ്ചായത്തിന് 31

ദേശീയ അംഗീകാരം ഈ നേട്ടങ്ങൾക്ക് 35

മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് പ്രഖ്യാപിച്ചു 39

സ്വച്ഛ് സർവേക്ഷൺ (ഗ്രാമീൺ) 2019
പുരസ്കാരം കേരളത്തിന്
ഫിലിപ്പ് പി.ഡി 40


### പംക്തികൾ


കില ന്യൂസ് 32

വാർത്തകൾ വിശേഷങ്ങൾ 34

അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ 41

എന്ന് വായനക്കാർ 42

ഡിസംബർ 2019
പുസ്തകം 59 ലക്കം 9
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി
ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
യു.വി. ജോസ് ഐ.എ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എം.പി. അജിത് കുമാർ
പഞ്ചായത്ത് ഡയറക്ടർ (അധിക ചുമതല)

എഡിറ്റർ
എം.പി. അജിത് കുമാർ
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

## ഈ കാൽവയ്പ്പ് പുതിയ വികസന സംസ്കാരത്തിലേക്ക്

ഒറ്റത്തവണ മാത്രം ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിക്കണമെന്ന അഭിപ്രായം വർഷങ്ങൾക്കു മുമ്പേ കേരളത്തിൽ ഉയർന്നു കേൾക്കുന്നതാണ്. ഇപ്പോൾ അത് യാഥാർത്ഥ്യമായിരിക്കുന്നു. നവകേരള ദൗത്യം ഉയർത്തിപ്പിടിക്കുന്ന  സുസ്ഥിര വികസന കാഴ്ചപ്പാടിന്റെ പ്രഖ്യാപനമാണ് ദീർഘവീക്ഷണവും ഭരണപരമായ ആർജ്ജവവും ആവശ്യപ്പെടുന്ന ഈ നടപടി. കേരളത്തിന്റെ മണ്ണും പ്രകൃതിയും വീണ്ടെടുക്കാനുള്ള മഹാദൗത്യത്തിന് കരുത്തുപകരുന്ന ഈ ചരിത്രപരമായ തീരുമാനം വിജയിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രംഗത്തിറങ്ങണം. കാലഘട്ടം ആവശ്യപ്പെടുന്ന കടമ നിറവേറ്റാൻ കൈവന്ന അസുലഭ സുന്ദരമായ ഈ അവസരം വികസന പ്രവർത്തകർ ഏറ്റെടുക്കണം.

നിത്യജീവിതത്തിന്റെ  ഭാഗമായി മാറിക്കഴിഞ്ഞ പ്ലാസ്റ്റിക് വസ്തുക്കൾ ഒറ്റയടിക്ക് നിരോധിക്കുന്നത് ഫലം ചെയ്യില്ലെന്ന് നേരത്തേ തന്നെ ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. നവകേരള ദൗത്യങ്ങൾ, വിശേഷിച്ച് ഹരിത കേരള ദൗത്യം,  ഇത്തരം ഭരണ നടപടികൾക്ക് മണ്ണും മനസ്സും ഒരുക്കി. പരിസ്ഥിതി സംരക്ഷണം എന്ന അജണ്ടയ്ക്കു പിന്നിൽ അത് ജനങ്ങളെ അണിനിരത്തി. ജനങ്ങൾ നെഞ്ചേറ്റിയ ഈ മഹത്തായ കാമ്പെയിൻ കേരളത്തെ പുതിയ വികസന സങ്കല്പങ്ങളിലേക്ക് ഉണർത്തിയിരിക്കുന്നു. ഈ അവബോധത്തിന് നിയമത്തിന്റെ ഈടും ഉറപ്പും നൽകുന്നതാണ് ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ച സർക്കാർ തീരുമാനം.

തദ്ദേശഭരണ സ്ഥാപന ഓഫീസുകളും ഘടക സ്ഥാപനങ്ങളും ഇതിന്റെ സന്ദേശം ഏറ്റെടുക്കണം. സ്കൂളുകളിൽ അവബോധ പരിശീലനത്തിന് സൗകര്യമൊരുക്കണം. പരിസ്ഥിതി സൗഹൃദ ജീവിതചര്യയോട് പുതിയ തലമുറയെ ചേർത്തു നിർത്താൻ കഴിയണം. വികസനം ശുദ്ധവായുവും ശുദ്ധജലവും ജീവനുള്ള മണ്ണും സംരക്ഷിക്കുന്നതാവണം. മണ്ണിനും പ്രകൃതിക്കും ദോഷം വരുത്തുന്ന ഉൽപ്പന്നങ്ങൾക്ക് ബദൽ കണ്ടെത്തണം. സംരംഭകത്വ വികസനത്തിന്റെ കേന്ദ്ര ആശയമായി ഇത് മാറണം. ഒന്നു മനസ്സു വച്ചാൽ, പ്ലാസ്റ്റിക് ക്യാരിബാഗുകൾ മുതൽ റീഫിൽ പേനകൾ വരെയുള്ള, ഉപയോഗിച്ച് വലിച്ചെറിയുന്ന  വസ്തുക്കൾക്ക് പകരം കണ്ടെത്താവുന്നതേയുള്ളൂ. അതിന് നമ്മുടെ വികസന മുൻഗണനകൾ മാറണം. നല്ലൊരു വിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ ദിശയിൽ ചിന്തിച്ചു തുടങ്ങിയത് ശുഭോദർക്കമാണ്.

നാടിന് വിനാശം സമ്മാനിച്ച രണ്ടു പ്രളയങ്ങളുടെ അനുഭവം നമ്മുടെ സുസ്ഥിര വികസന സങ്കല്പം കൂടുതൽ ബലപ്പെടുത്തിയിരിക്കുന്നു.  ക്യാരിബാഗുകളും ഷീറ്റുകളും പ്ലേറ്റുകളും കപ്പുകളും തെർമോക്കോൾ വസ്തുക്കളും സ്റ്റൈറോഫോം  അലങ്കാരവസ്തുക്കളും പ്ലാസ്റ്റിക് വാട്ടർ പൗച്ചുകൾ, ഗാർബേജ് ബാഗുകൾ, പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ എന്നിവയും അടക്കം ഒറ്റ തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾക്ക് ഏർപ്പെടുത്തിയ നിരോധനം പുതിയൊരു വികസന സംസ്കാരത്തിലേക്ക് മാറാനുള്ള അവസരമായി നമുക്ക് ഉപയോഗപ്പെടുത്താം. നിരോധനം നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്ന നടപടികൾ വിജയിപ്പിക്കാൻ നമുക്ക് ഒരുമിച്ചു നിൽക്കാം.

**എം.പി. അജിത് കുമാർ**

**"നീതിക്കു സംഭവിക്കുന്ന പരാജയവും അനീതി കൈവരിക്കുന്ന വിജയവും താൽക്കാലികം മാത്രം."**
**മാർട്ടിൻ ലൂതർകിംഗ്**

# ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചു

കേരളത്തിൽ ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചു. സംസ്ഥാനത്ത് വ്യക്തികളോ, കമ്പനികളോ, സ്ഥാപനങ്ങളോ, വ്യവസായമോ 2020 ജനുവരി 1 മുതൽ നിരോധനം ബാധകമായ പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മിക്കുകയോ, കൊണ്ടുപോകുകയോ, സൂക്ഷിക്കുകയോ, വില്പന നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.



**നിരോധനം ഇവയ്ക്ക്**

- പ്ലാസ്റ്റിക് ക്യാരിബാഗ് (കനം നോക്കാതെ)
- മേശകളിൽ വിരിക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഷീറ്റുകൾ (ക്ലിംഗ് ഫിലിം ഒഴിവാക്കിയിരിക്കുന്നു)
- തെർമോക്കോൾ, സ്റ്റൈറോഫോം എന്നിവ ഉപയോഗിച്ചുണ്ടാക്കുന്ന പ്ലേറ്റുകൾ, കപ്പുകൾ, അലങ്കാരവസ്തുക്കൾ.
- ഒറ്റ തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, ടംബ്ലറുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ, സ്റ്റിറർ
- പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ കപ്പുകൾ, പ്ലേറ്റുകൾ, ബൗൾ, പേപ്പർ ക്യാരി ബാഗുകൾ
- നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ലാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ്
- പ്ലാസ്റ്റിക് വാട്ടർ പൗച്ചസ്, ബ്രാൻഡഡ് അല്ലാത്ത പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ
- പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ (ബ്രാൻഡഡ് പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾക്ക് Extended Producers Responsibility (EPR) ബാധകമാണ്)
- PET/PETE കുടിവെള്ള ബോട്ടിലുകൾ (500 ml. കപ്പാസിറ്റിക്ക് താഴെ. 500ml ന മുകളിൽ വരുന്ന PET/PETE കുടിവെള്ള ബോട്ടിലുകൾക്ക് EPR ബാധകമാണ്.)
- ഗാർബേജ് ബാഗ് (പ്ലാസ്റ്റിക്)
- പി.വി.സി. ഫ്ലക്സ് മെറ്റീരിയൽസ്
- പ്ലാസ്റ്റിക് പാക്കറ്റ്സ്

## ഇവയ്ക്ക് നിരോധനമില്ല

- പ്ലാസ്റ്റിക് വ്യവസായത്തിൽ എക്സ്പോർട്ട് ചെയ്യുന്നതിനായി നിർമ്മിച്ചിട്ടുള്ള പ്ലാസ്റ്റിക് വസ്തുക്കൾ
- ആരോഗ്യ പരിപാലനന രംഗത്ത് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ/ഉപകരണങ്ങൾ
- കമ്പോസ്റ്റബൾ പ്ലാസ്റ്റിക്കിൽനിന്ന് നിർമ്മിച്ച പ്ലാസ്റ്റിക് വസ്തുക്കൾ [Plastic Waste (Management and Handling) Rule 2016 ൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ കമ്പോസ്റ്റബൾ പ്ലാസ്റ്റിക് ഗണത്തിൽപ്പെടുന്ന Indian Standard IS or ISO 17088:2008 ലേബൽ പതിപ്പിച്ചത്.]
- വില്പന കേന്ദ്രങ്ങളിൽ പഴങ്ങളും പച്ചക്കറികളും പായ്ക്ക് ചെയ്യാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പായ്ക്കറ്റുകൾ നിരോധിച്ചിട്ടുണ്ട്. എന്നാൽ മുൻകൂട്ടി അളന്നുവെച്ചിരിക്കുന്ന ധാന്യങ്ങൾ, പയറു വർഗ്ഗങ്ങൾ, പഞ്ചസാര, ധാന്യപൊടികൾ, മുറിച്ചുവെച്ചിരിക്കുന്ന മത്സ്യ മാംസാദികൾ എന്നിവ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പായ്ക്കറ്റുകളെ നിരോധനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
- നിരോധനത്തിൽ നിന്നും ബ്രാൻഡഡ് വസ്തുക്കളെ ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വസ്തുക്കളുടെ നിർമ്മാതാക്കൾ/ഉൽപ്പാദകർ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള EPR പ്ലാൻ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

## നടപ്പിലാക്കാൻ നടപടി

നിരോധനം നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ, തദ്ദേശ സ്ഥാപന സെക്രട്ടറിമാർ, Environmental Protection Act 1986 സെക്ഷൻ 19 പ്രകാരം കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ/ സ്ഥാപനങ്ങൾ തുടങ്ങിയവർ ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് കർശനമായി നിരീക്ഷിക്കും. നിരോധനം ലംഘിക്കുന്ന സാഹചര്യത്തിൽ കർശനമായ നടപടി സ്വീകരിച്ച് നിയമപ്രകാരം ജുഡീഷ്യൽ ഫോറങ്ങളിൽ പരാതി ഫയൽ ചെയ്ത് Environmental Protection Act 1986 പ്രകാരം നിയമ നടപടി സ്വീകരിക്കും. ഈ പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മിക്കുകയോ, വിൽപ്പന നടത്തുകയോ, സൂക്ഷിക്കുകയോ, കൊണ്ടുപോവുകയോ ചെയ്യുകയാണെങ്കിൽ അവ കണ്ടുകെട്ടി അധികാര പരിധിയിലുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റിനെയൊ മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരെയോ ഏൽപ്പിക്കുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്യണം.







## ലംഘിച്ചാൽ പിഴ

നിയമലംഘനം നടത്തുന്ന നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, ചെറുകിട വില്പനക്കാർ, കടക്കാർ, വില്ക്കുന്നവർ എന്നിവർക്കെതിരെ സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ, തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ 10,000 രൂപ പിഴ ചുമത്തും. രണ്ടാമതുള്ള നിർദ്ദേശ ലംഘനത്തിന് 25,000 രൂപയും തുടർന്നുള്ള ലംഘനത്തിന് 50,000 രൂപയും സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാർ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ, എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ചുമത്തേണ്ടതും തുടർന്ന് സ്ഥാപനത്തിന്റെ നിർമ്മാണ/ പ്രവർത്തനാനുമതി റദ്ദാക്കേണ്ടതുമാണ്.

Extended Producers Responsibility Plan പ്രകാരം അവർ വില്പന നടത്തുന്ന പ്ലാസ്റ്റിക് കുപ്പികളും കവറുകളും ഇതര ഉല്പന്നങ്ങളും തിരികെ നല്കുന്നവർക്ക് നിശ്ചിത തുക നല്കി പ്രോത്സാഹിപ്പിക്കാൻ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, കേരഫെഡ്, മിൽമ, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഇൻഡസ്ട്രിയൽ പാർക്കുകളിൽ സംസ്കരണം പുനചംക്രമണം നിർബന്ധം

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 2016 ഏപ്രിൽ 08 - ലെ Solid waste management Rules II(i) പ്രകാരം പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ ഇന്റസ്ട്രിയൽ പാർക്കുകളിലെ 5 ശതമാനം ഭൂമി മാലിന്യ സംസ്കരണം/പുനചംക്രമണത്തിനായി മാറ്റിവയ്ക്കേണ്ടതാണ്. ഇത് കർശനമായി നടപ്പിലാക്കുന്നതിനും ആവശ്യാനുസരണം ഈ ഭൂമി നാമമാത്രമായ വിലയ്ക്ക് നല്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം bio degradable ബാഗുകൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകളെ വ്യവസായ വകുപ്പ് പ്രോത്സാഹിപ്പിക്കും.

*(27-11-2019 ലെ സ.ഉ(കൈ)6/2019/പരി, 17-12-2019 ലെ സ.ഉ(കൈ) 7/2019/പരി, നമ്പർ ഉത്തരവുകളെ ആസ്പദമാക്കി തയ്യാറാക്കിയത്.)*

വാർത്ത

# മികവിന് ആദരം

## അവാർഡ് നേടിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ആദരിച്ചു

ദേശീയ-സംസ്ഥാന പുരസ്കാരങ്ങൾ കരസ്ഥമാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മികവിന് ആദരം 2019 പരിപാടിയിൽ സംസ്ഥാന സർക്കാർ ആദരിച്ചു.

ദേശീയ-സംസ്ഥാന പുരസ്കാരങ്ങൾ കരസ്ഥമാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മികവിന് ആദരം 2019 പരിപാടിയിൽ സംസ്ഥാന സർക്കാർ ആദരിച്ചു. തിരുവനന്തപുരം വഴുതക്കാട് മൗണ്ട് കാർമൽ കൺവെൻഷൻ സെന്ററിൽ നടന്ന അനുമോദന പരിപാടിയിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എ.സി. മൊയ്തീൻ അധ്യക്ഷത വഹിച്ചു. ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് ചടങ്ങ് ഉദ്ഘാടനം ചെയ്തു.

കേരളത്തിലെ മിക്ക തദ്ദേശസ്ഥാപനങ്ങളും പ്രാദേശിക വികസനത്തിൽ അത്ഭുതകരമായ ഇടപെടലുകളാണ് നടത്തുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച തദ്ദേശസ്വയംഭരണ മന്ത്രി എ. സി. മൊയ്തീൻ പറഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതു വിദ്യാഭ്യാസ രംഗം അടിമുടി മാറിയിട്ടുണ്ട്. പുതിയ കെട്ടിടങ്ങളും നിലവിലെ കെട്ടിടങ്ങളിൽ പുതിയ സൗകര്യങ്ങളും, കളി സ്ഥലങ്ങളും കമ്പ്യൂട്ടറുകളുമായി പൊതു വിദ്യാലയങ്ങളുടെ മുഖച്ഛായ മാറി, അദ്ദേഹം പറഞ്ഞു. പൊതു വിദ്യാഭ്യാസ രംഗത്തെ കേരളത്തിന്റെ നേട്ടങ്ങളെ ചെറുതാക്കാൻ നടക്കുന്ന ശ്രമങ്ങൾ തിരിച്ചറിയണമെന്ന് മന്ത്രി പറഞ്ഞു. വിദ്യാലയങ്ങളുടെ കുറവുകൾ നികത്തുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ അലംഭാവം കാണിക്കരുതെന്ന് മന്ത്രി നിർദ്ദേശിച്ചു.

> കേരളത്തിലെ മിക്ക തദ്ദേശസ്ഥാപനങ്ങളും പ്രാദേശിക വികസനത്തിൽ അത്ഭുതകരമായ ഇടപെടലുകളാണ് നടത്തുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതു വിദ്യാഭ്യാസ രംഗം അടിമുടി മാറിയിട്ടുണ്ട്. പുതിയ കെട്ടിടങ്ങളും നിലവിലെ കെട്ടിടങ്ങളിൽ പുതിയ സൗകര്യങ്ങളും കളി സ്ഥലങ്ങളും കമ്പ്യൂട്ടറുകളുമായി പൊതു വിദ്യാലയങ്ങളുടെ മുഖച്ഛായ മാറി.
>
> \- മന്ത്രി എ. സി. മൊയ്തീൻ

1,659 കോടി രൂപ അടങ്കൽ തുക വരുന്ന ചെറുതും വലുതുമായ 41,367 വികസന പ്രോജക്ടുകളാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ആദ്യ മൂന്നു വർഷങ്ങളിലായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നമ്മുടെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കിയത്. അക്കാദമിക് നിലവാരം മെച്ചപ്പെട്ടു. മൂന്നു വർഷങ്ങളിലായി 5 ലക്ഷത്തോളം വിദ്യാർത്ഥികൾ പുതുതായി പൊതു വിദ്യാ



ലയങ്ങളിൽ എത്തി. ഇനിയും കുറവുകൾ ബാക്കിയുള്ള സ്ഥലങ്ങളിൽ അത് നികത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണമെന്ന് മന്ത്രി പറഞ്ഞു. ബത്തേരിയിലെ സർവജന ഗവൺമെന്റ് സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനിയായ ഷഹല ക്ലാസ് മുറിയിൽ പാമ്പുകടിയേറ്റ് മരിച്ച സംഭവം അദ്ദേഹം സൂചിപ്പിച്ചു. ഒരിടത്തും ഇത് സംഭവിക്കരുത്. എന്നാൽ ഇതിന്റെ പേരിൽ ഇതുവരെയുള്ള മുഴുവൻ നേട്ടങ്ങളെയും ഇകഴ്ത്തിക്കാട്ടുന്ന സ്ഥിതി ദുഃഖകരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ശോചനീയാവസ്ഥയിലുള്ള സ്കൂളുകൾ നന്നാക്കാനും ശുചിത്വവും കുട്ടികളുടെ സുരക്ഷിതത്വവും ഉറപ്പുവരുത്തുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകണം. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് മന്ത്രി പറഞ്ഞു.

അനുമോദന പരിപാടിയിൽ ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് പുരസ്കാര ജേതാക്കളെ ആദരിച്ചു. സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ കുറവ് വരുത്തില്ലെന്ന് ധനമന്ത്രി പറഞ്ഞു. ബജറ്റ് അവതരിപ്പിച്ചപ്പോഴുള്ള തുകയിൽ നിന്ന് 20000 കോടി രൂപയാണ് ഇപ്പോൾ കുറയുന്നത്. കേന്ദ്രനികുതി വിഹിതം മൂന്നു മാസമായി ലഭിച്ചിട്ടില്ല. കത്തെഴുതിയിട്ട് മറുപടിയുമില്ല. വകുപ്പുകൾക്ക് ഏർപ്പെടുത്തി

# മികവിന് ആദരം

കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾ രാജ്യത്തിനു തന്നെ മാതൃകയാണ്. ദേശീയ റാങ്കിംഗിൽ കേരളമാണ് ഒന്നാമത്. കേരളത്തിലെ 150 തദ്ദേശ സ്ഥാപനങ്ങളെങ്കിലും ആവേശം നൽകുന്ന പ്രവർത്തനമാണ് നടത്തുന്നത്. കുറച്ച് പഞ്ചായത്തുകളും നഗരസഭകളുമെങ്കിലും മുന്നിൽ നിന്ന് പട നയിക്കണം.

- മന്ത്രി ഡോ. ടി.എം. തോമസ് ഐസക്

യിട്ടുള്ള അഞ്ച് ലക്ഷം രൂപയുടെ പരിധി തദ്ദേശസ്ഥാപനങ്ങൾക്ക് ബാധകമല്ല. നിലവിലെ പ്രതിസന്ധിയെ ഒരുമിച്ചു നേരിടാമെന്ന് മന്ത്രി പറഞ്ഞു. നിലവിൽ നടപ്പാക്കുന്ന പദ്ധതികൾ കൂടുതൽ മികവോടെ പൂർത്തിയാക്കാൻ ശ്രമിക്കണം. കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ രാജ്യത്തിനു തന്നെ മാതൃകയാണ്. ദേശീയ റാങ്കിംഗിൽ കേരളമാണ് ഒന്നാമത്. ഒരു കാലത്ത് സംസ്ഥാനം ഏറ്റവും പിന്നിലായിരുന്നു. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടായത് ജനകീയാസൂത്രണത്തിലൂടെയാണ്. കേരളത്തിലെ 150 തദ്ദേശസ്ഥാപനങ്ങളെങ്കിലും ആവേശം നൽകുന്ന പ്രവർത്തനമാണ് നടത്തുന്നത്. കുറച്ച് പഞ്ചായത്തുകളും നഗരസഭകളുമെങ്കിലും മുന്നിൽ നിന്ന് പട നയിക്കണമെന്നും അദ്ദേഹം പറഞ്ഞു. ക്രിയാത്മകങ്ങളായ ആശയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രാദേശിക സർക്കാരുകൾക്ക് സംസ്ഥാന ഗവൺമെന്റ് എല്ലാ പിന്തുണയും നൽകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒത്തു പരിശ്രമിച്ചാൽ സമ്പൂർണ്ണ ശുചിത്വം സാധ്യമാണെന്ന് മന്ത്രി പറഞ്ഞു. ശുചിത്വ രംഗത്തെ ആലപ്പുഴയുടെ മാതൃക അദ്ദേഹം എടുത്തുകാട്ടി. ഈ വേനൽക്കാലത്ത്

# മികവിൻ ആദരം

പഞ്ചായത്തുകളിൽ സമ്പൂർണ ശുചിത്വ പദ്ധതി നടപ്പാക്കുന്നതിന് ഒരു തടസവുമില്ല. സ്കൂൾ വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താനും തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമ്പൂർണ്ണ ഇടപെടൽ ഉണ്ടാവണം. മുഴുവൻ വിദ്യാർത്ഥികൾക്കും അക്ഷര, അക്ക ജ്ഞാനം ഉണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കാം. സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്താനും പഠന നിലവാരം മെച്ചപ്പെടുത്താനും പ്രാദേശിക സർക്കാരുകൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

കേന്ദ്ര സർക്കാരിന്റെ ഗ്രാമ പഞ്ചായത്ത് ഡെവലപ്മെന്റ് പ്ലാൻ - 2019 അവാർഡിൽ പ്രഥമസ്ഥാനം കരസ്ഥമാക്കിയ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്, ദേശീയ ജല അവാർഡ് നേടിയ കീനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത്, ചൈൽഡ് ഫ്രണ്ട്ലി ഗ്രാമപഞ്ചായത്ത് അവാർഡ് -2019 നേടിയ കോലഴി ഗ്രാമപഞ്ചായത്ത്, ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാർ - 2019 ന് അർഹമായ തിരുവനന്തപുരം ജില്ലാപഞ്ചായത്ത്, നെടുമങ്ങാട്, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തുകൾ, മാറഞ്ചേരി, ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്തുകൾ, ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരവും നാനാജി ദേശ്മുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭ പുരസ്കാരവും കരസ്ഥമാക്കിയ തിരുനാവായ ഗ്രാമ പഞ്ചായത്ത്, സ്വച്ഛ് ഭാരത് പുരസ്കാരം - 2019 നേടിയ പടിയൂർ -കല്യാട് ഗ്രാമപഞ്ചായത്ത്, സ്വച്ഛ് ഐക്കൺ പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ട കാലടി ഗ്രാമപഞ്ചായത്ത്, മുഖ്യമന്ത്രിയുടെ പ്രത്യേക അവാർഡ് ലഭിച്ച ബുധനൂർ ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ചടങ്ങിൽ ആദരം ഏറ്റുവാങ്ങിയത്.

അവാർഡ് ജേതാക്കളുടെ വികസന നേട്ടങ്ങൾ വിശദമാക്കുന്ന ബഹുവർണ ബ്രോഷർ, നവകേരള ദൗത്യങ്ങളുടെ പുരോഗതി വിവരിക്കുന്ന ബുക്ക് ലെറ്റ് എന്നിവ പരിപാടിയിൽ വിതരണം ചെയ്തു.

കെ. ശ്രീകുമാർ (മേയർ, തിരുവനന്തപുരം നഗരസഭ), വി.കെ. മധു (ചെയർമാൻ, ജില്ലാ പഞ്ചായത്ത് പ്രസിഡൻസ് ചേമ്പർ), റ്റി.കെ. ജോസ് ഐ.എ.എസ്., (അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്), ശാരദാ മുരളീധരൻ ഐ.എ.എസ്. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്), എൻ. പത്മകുമാർ ഐ.എ.എസ്., (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്), ഡോ. ബി.എസ്. തിരുമേനി ഐ.എ.എസ് (ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്), ഡോ. ചിത്ര എസ്. ഐ.എ.എസ്, (എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ), ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്. (മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്), കെ.എസ്. ഗിരിജ (ചീഫ് ടൗൺ പ്ലാനർ, നഗരഗ്രാമാസൂത്രണ വകുപ്പ്), എം.വി. രാജൻ, ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തോട്ടത്തിൽ രവീന്ദ്രൻ (പ്രസിഡന്റ്, മേയേഴ്സ് കൗൺസിൽ, കേരള), രാഖി രവികുമാർ (ഡെപ്യൂട്ടി മേയർ, തിരുവനന്തപുരം നഗരസഭ), ആർ. സുഭാഷ്(പ്രസിഡന്റ്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ), അഡ്വ: കെ. തുളസി ടീച്ചർ (പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ), ഡോ. സി. പി. വിനോദ് (ചെയർമാൻ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ), ഡോ. ജോയ് ഇളമൺ(ഡയറക്ടർ, കില) തുടങ്ങിയവരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. □

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*





കണ്ണൂർ ജില്ലയിൽ നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അവലോകന യോഗം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു.

# പദ്ധതി നിർവ്വഹണത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കണം

## - മന്ത്രി എ.സി. മൊയ്തീൻ

2019- 20 വാർഷിക പദ്ധതി അവലോകന യോഗം ചേർന്നു

വരുന്ന മൂന്ന് മാസത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി നിർവഹണത്തിന്റെ ഗതിവേഗം വർദ്ധിപ്പിച്ച് ഫണ്ടിന്റെ വിനിയോഗം പൂർത്തിയാക്കണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ. വിവിധ ജില്ലകളിൽ നടന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി അവലോകന യോഗങ്ങളിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. അതിവർഷവും പ്രളയവും സൃഷ്ടിച്ച പ്രതിസന്ധി പദ്ധതിനിർവഹണത്തെ കാര്യമായി ബാധിച്ചിട്ടുണ്ടെങ്കിലും അത് മറികടക്കാനാവശ്യമായ രീതിയിൽ നടപടികൾ സ്വീകരിക്കണം. കൃത്യമായ സമയക്രമം തയ്യാറാക്കി പദ്ധതികൾ പൂർത്തീകരിക്കണം. തദ്ദേശസ്ഥാപന അധികൃതരും നിർവഹണ ഉദ്യോഗസ്ഥരും വകുപ്പ് മേധാവികളും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു.

പ്രളയമോ ട്രഷറി നിയന്ത്രണമോ ഇല്ലാതിരുന്ന സമയത്ത് പോലും ചില തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണം വേണ്ടത്ര പുരോഗമിച്ചിരുന്നില്ല. ഇത് പരിഹരിക്കുന്നതിന് വരുംദിനങ്ങളിൽ പദ്ധതി നടത്തിപ്പും നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികളും വേഗത്തിലാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ട് വിനിയോഗിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. മുൻ കാലങ്ങളെ അപേക്ഷിച്ച് ഇക്കാര്യത്തിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം അടിയന്തര പ്രാധാന്യത്തോടെ പരിഹരിക്കണം. ക്ഷീര കർഷകർക്കുള്ള ആനുകൂല്യ വിതരണത്തിലെ കാലതാമസം ഒഴിവാക്കണം. നെൽകർഷകർക്കുള്ള ധനസഹായ വിതരണവും ജനുവരിയോടെ പൂർത്തിയാക്കണം. പല പദ്ധതികളും കാര്യ നിർവ്വഹണത്തിലെ പോരായ്മകൾ കാരണം ലക്ഷ്യത്തിലെത്താത്ത അവസ്ഥയുണ്ടാകരുത്. സെക്രട്ടറിമാർ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണം. ആദിവാസികളടക്കമുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള പദ്ധതികൾ വൈകിപ്പിക്കുന്നത് ശരിയായ പ്രവണതയല്ല. ഇക്കാര്യത്തിൽ വീഴ്ചവരുത്താൻ പാടില്ലെന്നും മന്ത്രി കർശന നിർദ്ദേശം നൽകി.



*വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അവലോകന യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി.മൊയ്തീൻ സംസാരിക്കുന്നു.*

രാജ്യത്ത് മൊത്തം അനുഭവപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി കേരളത്തെയും ബാധിച്ചിട്ടുണ്ട്. ജി എസ് ടി പ്രാവർത്തികമാക്കിയതിലെ പോരായ്മകൾ കാരണം നികുതി വരുമാനത്തിന്റെ 45 ശതമാനം മാത്രമെ ഇപ്പോൾ ലഭിക്കുന്നുള്ളൂ. ജിഎസ്ടി ഇനത്തിൽ സംസ്ഥാനങ്ങൾക്ക് കേന്ദ്രം നൽകേണ്ട നഷ്ടപരിഹാരത്തുക കഴിഞ്ഞ മൂന്ന് മാസമായി മുടങ്ങിയിരിക്കുകയാണ്. സംസ്ഥാനത്തിന്റെ കടപരിധി 6000 കോടി കുറച്ചതും ട്രഷറിയെ സമ്മർദ്ദത്തിലാക്കിയിട്ടുണ്ട്. എങ്കിലും തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ഫണ്ടിൽ കുറവ് വരുത്തേണ്ടെന്നാണ് തീരുമാനമെന്നും മന്ത്രി അറിയിച്ചു.

പൂർത്തിയായ പദ്ധതികളുടെ ബില്ലുകൾ കാലതാമസമില്ലാതെ സമർപ്പിക്കണം. സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെട്ടിട്ടില്ലെങ്കിലും തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് മാറി നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കും. ഇതിനായുള്ള പണം കണ്ടെത്തും. പ്രളയ ബാധിത പ്രദേശങ്ങളിലെ റോഡ് നിർമ്മാണമടക്കമുള്ള പ്രവൃത്തികൾ മഴക്കാലത്ത് മുന്നേ തീർക്കണം. തനത് ഫണ്ടുകൾക്ക് പുറമെ റീബിൽഡ് കേരളയിൽ നിന്നും ഇതിനായി പണം അനുവദിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ആവശ്യമായ തുക ഇതിനായി അനുവദിക്കും. തദ്ദേശ സ്ഥാപനങ്ങൾ പുതിയ പദ്ധതി രൂപീകരണത്തിൽ ദുരന്ത ലഘൂകരണ പദ്ധതികൾ കൂടി ഉൾപ്പെടുത്തണം. പ്രളയം പോലുള്ള ദുരന്തങ്ങൾ വന്നപ്പോൾ ജനപ്രതിനിധികളടക്കം തദ്ദേശ സ്ഥാപനങ്ങൾ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മുന്നിട്ടിറങ്ങിയിരുന്നു. ഈ പശ്ചാത്തലത്തിൽ ആവശ്യമായ സൗകര്യങ്ങൾ സ്വന്തമായി ഏർപ്പെടുത്താൻ വാർഷിക പദ്ധതികളിൽ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്ക് കഴിയണം. തൊഴിലുറപ്പ് പദ്ധതിയിലെ കുടിശ്ശിക വിതരണം ചെയ്യാൻ സർക്കാർ നിരന്തരം ഇടപെടുന്നുണ്ട്. കേന്ദ്രത്തിൽ നിന്നും തുക ലഭ്യമാക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നുണ്ടെങ്കിലും അനുവദിക്കാത്തത് ഹിതകരമല്ലെന്നും മന്ത്രി എ.സി.മൊയ്തീൻ പറഞ്ഞു.

തീരദേശ നിയന്ത്രണ നിയമ പ്രകാരം പഞ്ചായത്തുകൾ നേരിടുന്ന പ്രശ്നങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് മന്ത്രി അറിയിച്ചു. നിയമത്തിൽ ഇളവുകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സംസ്ഥാന സർക്കാർ ഇതിനകം ആരംഭിച്ചിട്ടുണ്ട്. കുഴൽകിണർ കുഴിക്കുന്നതിന് ശക്തമായ നിയന്ത്രണം നിലനിൽക്കുന്ന സാഹചര്യത്തിൽ കുഴൽകിണർ നിർമ്മാണം ഉൾപ്പെട്ട കുടിവെള്ള പദ്ധതികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കുവാൻ മന്ത്രി നിർദ്ദേശം നൽകി. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ വിവിധ പദ്ധതികളിലെ തടസ്സങ്ങൾ നീക്കുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം ഒരുക്കണം. ചില തദ്ദേശ സ്ഥാപനങ്ങൾ സമ്മർദ്ദങ്ങൾക്കു വഴങ്ങി തനതുഫണ്ട് പെരുപ്പിച്ച് കാണിച്ച് അതിനനുസൃതമായി പദ്ധതികൾ തയ്യാറാക്കുന്നത് പദ്ധതി നിർവഹണത്തിൽ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി മന്ത്രി ചൂണ്ടിക്കാട്ടി.

ഹരിത കേരളം മിഷനിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി ഡിസംബർ 14 മുതൽ 22 വരെ തദ്ദേശ സ്ഥാപന പരിധിയിലെ ഒരു ജലസ്രോതസ്സെങ്കിലും മാലിന്യമുക്തമാക്കണം. ശുചീകരിച്ച തോടുകളും നീർച്ചാലുകളും സംരക്ഷിക്കുന്നതിന് പ്രാദേശിക തലത്തിൽ സമിതിക്ക് രൂപം നൽകണമെന്നും മന്ത്രി നിർദ്ദേശിച്ചു. ലൈഫ് ഭവന പദ്ധതിയിൽ രണ്ട് ലക്ഷം വീടുകൾ ഡിസംബർ 30നകം പൂർത്തിയാക്കും. ഇതിന്റെ തുടർച്ചയായി ജനുവരി 15 മുതൽ ലൈഫ് പദ്ധതിയിൽ ഭവനം ലഭിച്ച ഗുണഭോക്താക്കളുടെ സംഗമവും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അദാലത്തും സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. ഗുണഭോക്താക്കൾ നേരിടുന്ന കുടിവെള്ളം, വൈദ്യുതി, റേഷൻ കാർഡ് തുടങ്ങിയവയുമായി ബന്ധപ്പെട്ട മുഴുവൻ പരാതികളും ഒരു കുടക്കീഴിൽ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നത്.

അവലോകന യോഗത്തിൽ ജില്ലയിലെ തദ്ദേശ സ്ഥാപന അധ്യക്ഷന്മാർ, വിവിധ വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥന്മാർ തുടങ്ങിയവർ സംബന്ധിച്ചു. □

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



# നാം നമുക്കായി

## നവകേരള സൃഷ്ടിക്ക് ജനകീയാസൂത്രണം

**ഡോ. ജെ.ബി. രാജൻ**

**പ്രളയ സമയത്തെ രക്ഷാ-പുനരധിവാസ പ്രവർത്തനങ്ങളിലും പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളിലും മാതൃകാപരമായ ഇടപെടലിലൂടെ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലോക ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. നാം നമുക്കായി ക്യാമ്പയിനിലൂടെ കേരളത്തെ പുനർ നിർമ്മിക്കുകയാവട്ടെ ജനകീയാസൂത്രണത്തിന്റെ ദൗത്യം.**

പതിമൂന്നാം പദ്ധതിയിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും നിർവ്വഹണവും സമയബന്ധിതമാക്കാൻ കഴിഞ്ഞത് തികച്ചും പ്രശംസനീയമാണ്. അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള (2020-21) പദ്ധതിയും 2020 മാർച്ച് 14 നകം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി മാർച്ച് 20 നകം ബജറ്റുമായി സംയോജിപ്പിക്കേണ്ടതുണ്ട്. അതിലേക്ക് പ്രാബല്യത്തിലുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും ആണ് അനുവർത്തിക്കേണ്ടത്. (29.01.2018 ലെ സ.ഉ.(എം.എസ്) നം. 11/2018/തസ്വഭവ; 02.02.2018 ലെ സ.ഉ.(എം.എസ്.) നം. 17/2018/തസ്വഭവ; 14.02.2018 ലെ സ.ഉ.(എം.എസ്.) നം. 22/2018/തസ്വഭവ). പദ്ധതി ആസൂത്രണത്തിനായുള്ള അധിക

മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(കൈ) നം. 157/2019/തസ്വഭവ; തീയതി 05/12/2019). കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹികാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് സംബന്ധിച്ചും ഉത്തരവിറക്കിയിട്ടുണ്ട്. (സ.ഉ.(കൈ) നം. 156/2019/തസ്വഭവ തീയതി 04.12.2019). ഈ രണ്ട് ഉത്തരവുകളും കൂട്ടിവായിക്കുമ്പോൾ നവകേരള സൃഷ്ടിയെന്ന വിശാല കാഴ്ചപ്പാടിലുള്ള ജനകീയാസൂത്രണമാണ് അടുത്ത സാമ്പത്തിക വർഷത്തെ വികസന പദ്ധതിക്കായി സർക്കാർ വിഭാവനം ചെയ്യുന്നത്. കേരളത്തിലുണ്ടായ സമാനതകളില്ലാത്ത പ്രകൃതി ദുരന്തം മൂലം പ്രകൃതി വിഭവങ്ങൾക്കും ഭൗതിക ആസ്തികൾക്കും ജീവനോപാധികൾക്കും ജീവനും ഉണ്ടായ നികത്താനാകാത്ത ആഘാതത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കേരള പുനർ നിർമ്മാണ പരിപാടി (Rebuild Kerala Initiative - RKI) ജനപങ്കാളിത്ത ക്യാമ്പയിനിലൂടെയാണ് നടപ്പിലാക്കുന്നത്. 'നാം നമുക്കായി' എന്ന മുദ്രാവാക്യത്തിലൂന്നിയുള്ള ഈ ക്യാമ്പയിനിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാനുണ്ട്.

**വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം**

| ക്രമ നമ്പർ | പ്രവർത്തനം | പൂർത്തിയാക്കേണ്ട അവസാന തിയ്യതി |
|---|---|---|
| 1. | ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കൽ | 2019 ഡിസംബർ 7 |
| 2. | സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരണം | ഡിസംബർ 25 |
| 3. | ജില്ലാ പദ്ധതി നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഡി.പി.സി. തലത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ | 2020 ജനുവരി 1 |
| 4. | കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ | ജനുവരി 6 |
| 5. | ഗ്രാമ/വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ | ജനുവരി 15 |
| 6. | സംയുക്ത പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർക്കുന്ന യോഗം | ജനുവരി 20 |
| 7. | ഗ്രാമ/വാർഡ് സഭാ യോഗങ്ങൾ | ഫെബ്രുവരി 8 |
| 8. | ദുരന്ത മാനേജ്മെന്റ് പ്ലാനിനുവേണ്ടിയുള്ള പ്രത്യേക വികസന സെമിനാർ | ഫെബ്രുവരി 15 |
| 9. | വാർഷിക പദ്ധതി വികസന സെമിനാർ | ഫെബ്രുവരി 19 |
| 10. | വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ | ഫെബ്രുവരി 22 |
| 11. | പ്രോജക്ടുകൾ തയ്യാറാക്കൽ | ഫെബ്രുവരി 29 |
| 12. | വാർഷിക പദ്ധതി സമർപ്പണം | മാർച്ച് 5 |
| | ജില്ലാ ആസൂത്രണ സമിതി അംഗീകാരം | മാർച്ച് 14 |
| 13. | അംഗീകരിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ | മാർച്ച് 20 |

## നവകേരള സൃഷ്ടിക്ക മുൻതൂക്കം

കേരളത്തിൽ 2018 ലും 2019 ലും ഉണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കേരള പുനർ നിർമ്മാണ പരിപാടി (ആർ.കെ.ഐ.) മുന്നോട്ടുവയ്ക്കുന്ന വിശാല കാഴ്ചപ്പാടിലൂന്നിയാവണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതി ആസൂത്രണം. ചുവടെപ്പറയുന്നവയാണ് കേരള പുനർ നിർമ്മാണ പരിപാടി (ആർ.കെ.ഐ.) വിഭാവനം ചെയ്യുന്നത്:

- ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക.
- പ്രവർത്തന കാര്യക്ഷമതയിലെ പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക.
- പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ സമയബന്ധിതമായി പുനർ നിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക. (ഇവ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യയും പരിസ്ഥിതി സൗഹൃദ മാനദണ്ഡവും പാലിച്ചുകൊണ്ട് ആയിരിക്കണം).

ആർ.കെ.ഐ.യുടെ നേതൃത്വത്തിലുള്ള 'നാം നമുക്കായി' എന്ന ജനകീയാസൂത്രണ മാതൃകയിലുള്ള ക്യാമ്പയിന് രണ്ട് ഘടകങ്ങളാണുള്ളത്.

(1) ജനകീയ പങ്കാളിത്തത്തോടെ അതിജീവനക്ഷമത ഉറപ്പാക്കുന്നതിലേക്കാവശ്യമായ നയവ്യതിയാനങ്ങളും തിരുത്തലുകളും കണ്ടെത്തുന്നതിനുള്ള വിപുലമായ ക്യാമ്പയിൻ.

(2) എല്ലാ തദ്ദേശസ്വയംഭരണ സർക്കാരുകളിലും ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ ആസൂത്രണം ചെയ്യൽ.

## ദുരന്ത മാനേജ്മെന്റ് പ്ലാൻ അനിവാര്യം

കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ക്ഷോഭവും മൂലമുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുവാനും ലഘൂകരിക്കുവാനും ഉള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കാര്യക്ഷമമായി നിർവ്വഹിക്കാനാകും. അതുകൊണ്ടു തന്നെ കേരള പുനർ നിർമ്മാണ പരിപാടി വിവക്ഷിക്കുന്ന വിശാല കാഴ്ചപ്പാടിലൂന്നി എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ദുരന്ത മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി വാർഷിക വികസന പദ്ധതിയുടെ ഭാഗമാക്കണം. ദുരന്ത മാനേജ്മെന്റ് പ്ലാനിന്റെ കരട് രേഖ ഗ്രാമ/വാർഡ് സഭയിൽ ചർച്ചയ്ക്ക് വിധേയമാകണം. ഈ പ്ലാൻ തയ്യാറാക്കാനുള്ള ചുമതല 'ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം' എന്ന വർക്കിംഗ് ഗ്രൂപ്പിനാണ്. ദുരന്ത മാനേജ്മെന്റ് സംബന്ധിച്ച് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് വേണം പ്രസ്തുത പ്ലാൻ തയ്യാറാക്കാൻ. കൂടാതെ ദുരന്ത മാനേജ്മെന്റ് പ്ലാൻ ചർച്ച ചെയ്യുന്നതിന് മാത്രമായി പ്രത്യേക വികസന സെമിനാർ സംഘടിപ്പിക്കണം.



കേരളത്തിലുണ്ടായ സമാനതകളില്ലാത്ത പ്രകൃതി ദുരന്തം മൂലം പ്രകൃതി വിഭവങ്ങൾക്കും ഭൗതിക ആസ്തികൾക്കും ജീവനോപാധികൾക്കും ജീവനും ഉണ്ടായ നികത്താനാകാത്ത ആഘാതത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കേരള പുനർ നിർമ്മാണ പരിപാടി ജനപങ്കാളിത്ത ക്യാമ്പയിനിലൂടെ യാണ് നടപ്പിലാകുന്നത്



ഇത് സംഘടിപ്പിക്കേണ്ടത് വാർഷിക പദ്ധതി വികസന സെമിനാറിന് മുമ്പായി ട്ടാണ്. ദുരന്ത മാനേജ്മെന്റ് പ്ലാൻ കൂടി ഉൾപ്പെടുത്തിയ വാർഷിക വികസന പദ്ധതിരേഖയാണ് വാർഷിക പദ്ധതി വികസന സെമിനാറിൽ അവതരിപ്പിക്കേണ്ടത്.

ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന ദുരന്ത മാനേജ്മെന്റ് പ്ലാനിന്റെ കരടു രേഖയും ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകളുടെ പട്ടികയും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ലഭ്യമാക്കണം. അതിൽ നിന്നും ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കണം.

## ദുരന്ത മാനേജ്മെന്റിന് പ്രാദേശിക സംഘങ്ങൾ

ദുരന്ത നിവാരണ-പ്രതിരോധ പ്രവർത്തനങ്ങളിൽ അടിസ്ഥാന ജ്ഞാനം ഉള്ളവരും ദുരന്ത മേഖലയിൽ ആവശ്യ-ഘട്ടത്തിൽ അടിയന്തരമായി എത്തിച്ചേർന്ന് പ്രവർത്തനങ്ങൾ നടത്താൻ തയ്യാറുള്ളവരും ആയ സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി അടിയന്തര പ്രതികരണ ടീം (Emergency Response Team) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കണം. ഇപ്രകാരമുള്ള 8 പേർ എങ്കിലും അടങ്ങുന്ന ഒരു ടീം ഓരോ വാർഡിലും ഉണ്ടായിരിക്കണമെന്ന് ഇത് സംബന്ധിച്ച മാർഗ്ഗരേഖ വിവക്ഷിക്കുന്നു.

ദുരന്ത മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നത് ശ്രമകരമാണെന്ന് പറയേണ്ടതില്ലല്ലോ. ശാസ്ത്രീയ-സാങ്കേതിക പരിജ്ഞാനം ഇതിന് ആവശ്യമാണ്. അതിലേക്ക് 20 അംഗങ്ങൾ അടങ്ങുന്ന ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും രൂപീകരിക്കണം. ദുരന്ത മാനേജ്മെന്റ് പ്ലാനിന് വേണ്ടിയുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക, അവസ്ഥാ പഠന രൂപരേഖ തയ്യാറാക്കുക എന്നിവയാണ് എൽ.ആർ.ജി.യുടെ ദൗത്യം.

ഇ.ആർ.ടി. (ERT) കൾക്കും എൽ.ആർ.ജി. (LRG) കൾക്കും ഉള്ള പരിശീലന പരിപാടി കിലയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി രൂപകല്പന ചെയ്തിട്ടുണ്ട്.

## വേണം സംയോജിത-സംയുക്ത പ്രോജക്ടുകൾ

വിഭവങ്ങളുടെ ലോല വിന്യാസമാണ് (Thin-spread of resources) പ്രാദേശിക ഭരണരംഗത്ത് നിലനിൽക്കുന്ന ഒരു പ്രശ്നം. വിഭവങ്ങളുടെ ഫലപ്രാപ്തി കുറയുവാനും ഇത് കാരണമാകുന്നു. ദുരന്ത മാനേജ്മെന്റിന്റെ പശ്ചാത്തലത്തിൽ സംയോജിത-സംയുക്ത പ്രോജക്ടുകളുടെ പ്രസക്തി ഏറുകയാണ്. ആയതിനാൽ താരതമ്യേന വലിയ പ്രോജക്ടുകൾ ഒറ്റയ്ക്കോ ഒന്നിലേറെ തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായോ ഏറ്റെടുക്കാവുന്നതാണ്. സംയോജിത-സംയുക്ത പ്രോജക്ടുകൾക്ക് പ്രോത്സാഹന ധനസഹായവും സർക്കാർ നൽകുന്നുണ്ട്. സംയോജിത-സംയുക്ത പ്രോജക്ടുകൾ ഉറപ്പുവരുത്തുന്നതിൽ ജില്ലാ ആസൂത്രണ സമിതിക്ക് നിർണ്ണായക പങ്കുണ്ട്. ആയതിലേക്ക് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും അദ്ധ്യക്ഷന്മാരുടെയും സെക്രട്ടറിമാരുടെയും ഒരു സംയുക്ത യോഗം 2020 ജനവരി 20 ന് മുമ്പായി ഡി.പി.സി. നിർബന്ധമായും വിളിച്ചുചേർക്കേണ്ടതാണ്.

പ്രളയ സമയത്തെ രക്ഷാ-പുനരധിവാസ പ്രവർത്തനങ്ങളിലും പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളിലും മാതൃകാപരമായ ഇടപെടലിലൂടെ കേരളത്തിലെ തദ്ദേസ്വയംഭരണ സ്ഥാപനങ്ങൾ ലോക ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. 'നാം നമുക്കായി' ക്യാമ്പയിനിലൂടെ കേരളത്തെ പുനർ നിർമ്മിക്കുകയാവട്ടെ ജനകീയാസൂത്രണത്തിന്റെ ദൗത്യം.

*ലേഖകൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ അസ്സോസിയേറ്റ് പ്രൊഫസറാണ്.*
*ഫോൺ : 9447817042*
*ഇ-മെയിൽ :jbrajan@kila.ac.in*

# 2019-20
# പദ്ധതി ചെലവ് ഒറ്റനോട്ടത്തിൽ

**(2019 ഡിസംബർ 19 വരെയുള്ള കണക്ക്)** (രൂപ കോടിയിൽ)

**പദ്ധതി വിഹിതം**
**6882.97**

**ചെലവ്**
**2406.24**

**ചെലവ് %**
**34.96 %**

**ചെലവ്**
**(പെൻഡിംഗ് ബിൽ ഉൾപ്പടെ)**
**2908.89**

**ചെലവ് %**
**(പെൻഡിംഗ് ബിൽ ഉൾപ്പടെ)**
**42.26 %**

◀◀ ◀◀ ◀◀

**ബ്ലോക്ക് പഞ്ചായത്തുകൾ**
**40.39 %**

**ഗ്രാമപഞ്ചായത്തുകൾ**
**38.39 %**

**മുനിസിപ്പാലിറ്റികൾ**
**31.33 %**

**ജില്ലാ പഞ്ചായത്തുകൾ**
**27.52 %**

**കോർപ്പറേഷനുകൾ**
**27.21 %**

◀◀ ◀◀ ◀◀

**ജനറൽ**
**43.59 %**

**റ്റി.എസ്.പി.**
**34.04 %**

**എസ്.സി.പി.**
**31.57 %**

## ഫണ്ട് വിനിയോഗത്തിൽ മാതൃകാപരമായി മുന്നേറുന്ന തദ്ദേശസ്ഥാപനങ്ങൾ

**(2019 ഡിസംബർ 19 വരെയുള്ള കണക്ക്)** (രൂപ കോടിയിൽ)

### കോർപ്പറേഷനുകൾ

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|
| 1 | കണ്ണൂർ | 28.74 | 10.79 | 37.54 |
| 2 | തൃശ്ശൂർ | 80.22 | 25.62 | 31.94 |

### മുനിസിപ്പാലിറ്റികൾ

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ്% |
|---|---|---|---|---|---|
| 1 | മുക്കം | കോഴിക്കോട് | 4.93 | 2.24 | 45.44 |
| 2 | പാനൂർ | കണ്ണൂർ | 4.06 | 1.81 | 44.58 |
| 3 | കട്ടപ്പന | ഇടുക്കി | 5.27 | 2.23 | 42.31 |

### ജില്ലാ പഞ്ചായത്തുകൾ

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1 | വയനാട് | 39.61 | 15.91 | 40.17 |
| 2 | പാലക്കാട് | 102.53 | 35.11 | 34.24 |

### ബ്ലോക്ക് പഞ്ചായത്തുകൾ

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| 1 | വാഴൂർ | കോട്ടയം | 4.60 | 3.04 | 66.09 |
| 2 | ഇരിക്കൂർ | കണ്ണൂർ | 6.48 | 4.02 | 62.04 |
| 3 | തൈക്കാട്ടുശ്ശേരി | ആലപ്പുഴ | 3.88 | 2.35 | 60.57 |
| 4 | ചെമ്പകമംഗലം | ആലപ്പുഴ | 4.27 | 2.54 | 59.48 |
| 5 | തളിപറമ്പ | കണ്ണൂർ | 8.06 | 4.77 | 59.18 |

### ഗ്രാമപഞ്ചായത്തുകൾ

| ക്രമ നം. | തദ്ദേശഭരണ സ്ഥാപനം | ജില്ല | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| 1 | വേങ്ങര | മലപ്പുറം | 3.96 | 2.30 | 58.08 |
| 2 | ചോറ്റാനിക്കര | എറണാകുളം | 2.21 | 1.24 | 56.11 |
| 3 | കുലശേഖരപുരം | കൊല്ലം | 5.05 | 2.83 | 56.04 |
| 4 | കാവിലുംപാറ | കോഴിക്കോട് | 3.70 | 2.06 | 55.68 |
| 5 | കുളനട | പത്തനംതിട്ട | 3.30 | 1.82 | 55.15 |
| 6 | ഏരൂർ | കൊല്ലം | 5.01 | 2.75 | 54.89 |
| 7 | മാഞ്ഞൂർ | കോട്ടയം | 2.97 | 1.63 | 54.88 |
| 8 | മൈലപ്ര | പത്തനംതിട്ട | 1.17 | .64 | 54.70 |
| 9 | കുട്ടിലങ്ങാടി | മലപ്പുറം | 3.19 | 1.74 | 54.55 |




# ഹരിതം ഹരിതാഭം ഹരിതവർണ്ണം

**ജനകീയാസൂത്രണ രംഗത്ത് സമാനതകളില്ലാത്ത വികസന മാതൃകകളാണ് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് ശശാക്തീകരൺ പുരസ്ക്കാരം ജില്ലാപഞ്ചായത്ത് കരസ്ഥമാക്കി.**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ അത്യന്തം ശ്രദ്ധേയവും ജനക്ഷേമകരവുമായ പ്രവർത്തനങ്ങൾ ലോകശ്രദ്ധയാകർഷിക്കുവാൻ കഴിഞ്ഞിട്ടുള്ളവയാണ്. ഗിന്നസ് റിക്കോർഡ് നേടിയ രക്ഷ, ജലസംരക്ഷണ പ്രവർത്തനമായ ജലശ്രീ, വിശപ്പുരഹിത ജില്ല എന്ന സ്വപ്നം സാക്ഷാത്കരിക്കുന്ന പാഥേയം, വിദ്യാജ്യോതി, അക്ഷരമാല, മാനസ തുടങ്ങിയ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ, സ്നേഹധാര, സ്നേഹസ്പർശം ഉൾപ്പെടെയുള്ള ആരോഗ്യമേഖലയിലെ നൂതന ആശയങ്ങൾ എന്നിവ ഏതാനം ഉദാഹരണങ്ങൾ മാത്രം. ജനാധിപത്യപരമായും ജനകീയമായും സുതാര്യമായും ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തെ മികച്ച ജില്ലാപഞ്ചായത്തിനുള്ള അവാർഡും ജില്ലാപഞ്ചായത്തിന്റെ മുഴുവൻ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധുവിന് ഏറ്റവും മികച്ച ജനപ്രതിനിധിക്ക് ലഭിച്ച അവാർഡും ജില്ലാപഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിക്ക് ലഭിച്ച അംഗീകാരമാണ്. ജനകീയാസൂത്രണ രംഗത്ത് സമാനതകളില്ലാത്ത വികസന മാതൃകകളാണ് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഉത്പാദന രംഗത്ത് വിശേഷിച്ചും കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും ഒട്ടേറെ നൂതനങ്ങളായ പ്രോജക്ടുകൾ വിജയകരമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്. കൃഷി, ജലസേചനം, ജലസംരക്ഷണം, മണ്ണ് സംരക്ഷണം എന്നീ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

### സമഗ്ര നെൽകൃഷി വികസനം - കേദാരം

തിരുവനന്തപുരം ജില്ലയിലെ 1000 ഹെക്ടറോളം വരുന്ന പാടശേഖരങ്ങളിലെ ഇരുപ്പൂ, മുണ്ടകൻ എന്നിങ്ങനെ രണ്ട് സീസണുകളിലായി ആകെ 2000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുകയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിട്ടത്. നെൽകൃഷിയെ പരമാവധി പ്രോത്സാഹിപ്പിക്കുന്ന



ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ പരിസ്ഥിതി സംരക്ഷണം, ജൈവവൈവിദ്ധ്യ സംരക്ഷണം, ജലസംരക്ഷണം എന്നിവ സാദ്ധ്യമായി. 2018-19 വർഷത്തിൽ മാത്രം 17 കോടി രൂപയാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനു വേണ്ടി വിനിയോഗിച്ചത്.

## ഹരിതകേരളം – ഹരിത ഭവനം

ഹരിതകേരളം മിഷന്റെ അന്തഃസത്തയെ ഉൾക്കൊണ്ട് കൊണ്ട് കാർഷിക മേഖലയിൽ നവോന്മേഷം പകർന്ന ഒരു പദ്ധതിയാണ് ഹരിതഭവനം. ഏറ്റവും കുറഞ്ഞത് 10 സെന്റ് സ്ഥലവും വീടും കിണറുമുള്ള ഓരോ കുടുംബത്തെയും സുരക്ഷിത ഭക്ഷ്യ ഉത്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്നതാണ് ലക്ഷ്യം. ഓരോ വീട്ടുവളപ്പിലും മഴവെള്ള സംഭരണവും കിണർ റീചാർജ്ജിംഗും മാലിന്യ സംസ്കരണ യൂണിറ്റും സ്ഥാപിക്കുന്നതിന് പുറമെ 10 കോഴിയും അതിനുള്ള തടിക്കൂടും നൽകി. കൂടാതെ 25 ഗ്രോബാഗിൽ പച്ചക്കറി, കറിവേപ്പില, പപ്പായ, വാഴ, കുരുമുളക്, ജാമ്പ, പേര, തെങ്ങ് തുടങ്ങിയവ നടുന്നതിനും വേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പ്രോജക്ട്.

## ജലശ്രീ

ജില്ലയിലെ ഏറ്റവും വലിയ പ്രശ്നമായിട്ടുള്ള ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുമായി മഴവെള്ള സംഭരണത്തിലൂടെ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി രൂപം നൽകിയ സമ്പൂർണ്ണ ജലസുരക്ഷാപദ്ധതിയാണ് ജലശ്രീ. ത്രിതല പഞ്ചായത്തുകളുടെ സമ്പൂർണ്ണ സഹകരണത്തോടെ സർക്കാർ, എയിഡഡ്, അൺ എയിഡഡ് മേഖലകളിലെ 840 സ്കൂളുകളിലും പട്ടികജാതി കുടുംബങ്ങൾക്കും കിണർ റീചാർജ്ജിംഗ് നടത്തുന്നതിനു പുറമെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി യോജിപ്പിച്ചുകൊണ്ട് ജില്ലയിലെ മുഴുവൻ കിണറുകളും റീചാർജ്ജ് ചെയ്യുവാനുള്ള പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്.

## ക്ഷീര സമൃദ്ധി

ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് സംസ്ഥാന ഗവൺമെന്റ് വിഹിതം, ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവയോടൊപ്പം ഒരു ലിറ്റർ പാലിന് 4 രൂപ വരെ സബ്സിഡി ലഭിക്കുന്നതിന് ആവശ്യമായ തുക ജില്ലാപഞ്ചായത്തും വകയിരുത്തി നടപ്പിലാക്കി വരുന്നു. ക്ഷീര കർഷകരുടെ വരുമാന വർദ്ധനവിനും കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## ഗ്രീൻ മിൽക്ക്

രാസപദാർത്ഥങ്ങൾ അടങ്ങിയ പാലിന്റെ ഉപയോഗം കൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് ശുദ്ധമായ പാൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രീൻ മിൽക്ക്.

ആദ്യ ഘട്ടത്തിൽ ചെറ്റച്ചൽ ജഴ്സിഫാമിലെ പശുക്കളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന 1000 ലിറ്റർ പാൽ ശീതീകരിച്ച് 2000 കവറുകളിലായി നേരിട്ട് വിതരണം ചെയ്യുന്നു. വിതുര ജഴ്സി ഫാമിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുകയാണ്. ജനങ്ങൾക്കിടയിൽ പദ്ധതിക്ക് നല്ല സ്വീകാര്യത ലഭിച്ചു.

## സ്നേഹ സ്പർശം

മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ പ്രത്യേകമായി പരിഗണിച്ചുകൊണ്ട് അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനും അതിലൂടെ ഭാവി ജീവിതം ശോഭനമാക്കുന്നതിനും ഉതകുന്ന തരത്തിൽ സ്കോളർഷിപ്പ് നൽകുന്നതിനുള്ള ബൃഹത്തായ ഒരു പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് രൂപം നൽകി. ആയതിലൂടെ മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 2,57,65,000 രൂപ വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. ഇതിനു പുറമെ ഭിന്നശേഷി കുട്ടികൾക്ക് പഠന സഹായി, ലാപ്ടോപ്പ്, കംപ്യൂട്ടറുകൾ എന്നിവയുടെ വിതരണത്തിന് 14,73,560 രൂപ വിനിയോഗിച്ചിട്ടുണ്ട്.

## സമന്വയ

ട്രാൻസ്ജെൻഡേഴ്സിന്റെ സാമൂഹ്യ പുരോഗതിക്കുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയ സവിശേഷ പദ്ധതിയാണ് സമന്വയ. പാർശ്വവത്കരിക്കപ്പെട്ട ഈ വിഭാഗത്തിന് സ്വയം തൊഴിലിലൂടെ വരുമാന വർദ്ധനവ് ഉറപ്പാക്കി ജീവിത സുരക്ഷ കൈവരിക്കുന്നതിന് കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ മുഖേന ഗ്രൂപ്പുകൾക്ക് പരിശീലനം നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ധനസഹായം നൽകി വരുന്നു.

## പാഥേയം

ഒരുനേരമെങ്കിലും ആഹാരം കഴിക്കാൻ മാർഗ്ഗമില്ലാത്തവരെ സർവ്വേയിലൂടെ കണ്ടെത്തി കുടുംബശ്രീ മുഖാന്തരം പൊതിച്ചോറ് തയ്യാറാക്കി ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ചു കൊടുക്കുന്ന ജില്ലാപഞ്ചായത്തിന്റെ മഹത്തരവും ഉദാത്തവുമായ പദ്ധതിയാണ് പാഥേയം. ജില്ലയിലാകെ 3603 ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയിലൂടെ കൃത്യമായ സമയത്ത്





ഭക്ഷണം നൽകി വരുന്നു. നാളിതുവരെ ഈ പദ്ധതിക്കായി 3,25,00,000 രൂപ ജില്ലാ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

## ആരോഗ്യ മേഖല

അലോപ്പതി ചികിത്സാ രംഗത്ത് പകർച്ച വ്യാധി നിയന്ത്രണം, ജില്ലാ സെറോളജി ലാബ് സജ്ജീകരിക്കലും നടത്തിപ്പും, മൊബൈൽ ഡയാലിസിസ് യൂണിറ്റ്, ക്യാൻസർ രോഗം നേരത്തെ കണ്ടെത്താനുള്ള പരിശ്രമം എന്നിവയ്ക്കു പുറമെ ക്ഷയരോഗികൾക്ക് പോഷകാഹാരം, എച്ച്.ഐ.വി. ബാധിതരായ കുട്ടികൾക്കുള്ള പോഷകാഹാരം, മുതിർന്നവർക്കുള്ള പോഷകാഹാരം തുടങ്ങിയ മാനുഷിക മുഖമുള്ള പ്രോജക്ടുകൾ ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

## സ്നേഹ ചക്രം

ജില്ലയിലെ മലയോര തീരദേശ മേഖലകൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന ക്യാൻസർ കെയർ ഡിറ്റക്ഷൻ മൊബൈൽ യൂണിറ്റാണ് സ്നേഹ ചക്രം. എൻ.എച്ച്.എം വഴി നിയമിക്കപ്പെട്ടിട്ടുള്ള ഡോക്ടർമാർ ഉൾപ്പെടെയുള്ള മെഡിക്കൽ സംഘത്തിന്റെ സേവനം യൂണിറ്റിലൂടെ ലഭ്യമാക്കുന്നു.

## സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സർവ്വീസ് സൊസൈറ്റി

സെക്കന്ററി പാലിയേറ്റീവ് കെയർ പരിചരണം ആവശ്യമുള്ള രോഗികൾക്ക് കൂടുതൽ മികച്ച പരിചരണം നൽകുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉത്ഘാടനം ചെയ്യുകയുണ്ടായി.

സെക്കന്ററി പാലിയേറ്റീവ് കെയർ പ്രവർത്തനത്തിന്റെ ഭാഗമായി മെച്ചപ്പെട്ട രോഗീ പരിചരണം നടത്തുന്നതിനുവേണ്ടി ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ പാലിയേറ്റീവ് വാർഡുകൾ സജ്ജീകരിക്കുകയാണ്.

സൊസൈറ്റിയുടെ നിയന്ത്രണത്തിലും ചുമതലയിലും ന്യായമായ വിലയ്ക്ക് ജീവൻ രക്ഷാ ഔഷധങ്ങളും അനുബന്ധ സാധനങ്ങളും വിൽപന നടത്തുന്നതിലേക്കായി 8 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു.

## സ്നേഹധാര

തിരുവനന്തപുരം ഗവ. ആയുർവ്വേദ കോളേജിലെ ബാല ചികിത്സാ വിഭാഗവുമായി ചേർന്നുകൊണ്ട് തിരുവനന്തപുരം ജില്ലാപഞ്ചായത്ത് നടപ്പിലാക്കി കൊണ്ടിരിക്കുന്ന കുട്ടികളിലെ വളർച്ചാ വൈകല്യങ്ങൾക്കുള്ള ആയുർവ്വേദ ചികിത്സാ പദ്ധതിയാണ് സ്നേഹധാര. 12 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളിലെ വളർച്ചാ വൈകല്യങ്ങൾ കണ്ടെത്തുവാനും ഉചിതമായ ചികിത്സാ വിധികളിലൂടെ അവ പരിഹരിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

## വിദ്യാജ്യോതി

ഉള്ളടക്കത്തെ ലളിതമായി അവതരിപ്പിച്ചും കഠിനമായ ആശയങ്ങളെ വിദ്യാർത്ഥികൾക്ക് ഇണങ്ങുംവിധം വ്യാഖ്യാനിച്ചും പരീക്ഷാ കേന്ദ്രീകൃത ചോദ്യങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പഠന ബോധന സഹായി അച്ചടിച്ച് എല്ലാ വിദ്യാലയങ്ങളിലും പഠനത്തിന് പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി എത്തിച്ചു. മുഴുവൻ കുട്ടികളെയും പഠനനേട്ടത്തിന് ഉടമകളാക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കപ്പെട്ട വിദ്യാജ്യോതി കൈപ്പുസ്തകത്തിലെ പ്രവർത്തനങ്ങൾ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്ക് ഒപ്പവും അധിക സമയം കണ്ടെത്തിയും നടത്താവുന്ന തരത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്.

## രക്ഷ

സമൂഹത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങളെ സ്വയം പ്രതിരോധിക്കുവാനും കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നതിനും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയാണ് രക്ഷ. ജില്ലാപഞ്ചായത്ത് പരിധിയിലുള്ള 125 സർക്കാർ-എയിഡഡ് സ്കൂളുകൾ, ഹയർ സെക്കന്ററി സ്കൂളുകൾ എന്നിവയിലെ പെൺകുട്ടികൾക്കാണ് ഈ പദ്ധതി പ്രകാരം കരാട്ടെ പരിശീലനം നൽകിയത്. തിരുവനന്തപുരം കാര്യവട്ടത്തുള്ള ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ പരിശീലനം നേടിയ കുട്ടികളുടെ കരാട്ടെ പ്രകടനം ലോക ശ്രദ്ധയാകർഷിക്കുകയും ഗിന്നസ് റെക്കോർഡിൽ സ്ഥാനം പിടിക്കുകയും ചെയ്തു.

## ഗ്രന്ഥപ്പുര

ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിലെ ലൈബ്രറി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ജില്ലാപഞ്ചായത്ത് ലൈബ്രേറിയൻമാരെ നിയമിച്ച് ഓണറേറിയം നൽകുകയും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ് ഗ്രന്ഥപ്പുര. കുട്ടികളിൽ വായനാശീലം വളർത്തൽ, നല്ല പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിനും വായിച്ച പുസ്തകങ്ങളെ സംബന്ധിച്ച് ചർച്ച സംഘടിപ്പിക്കുന്നതിനും ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നതിനും കുട്ടികൾക്ക് പരമാവധി ഈ പ്രോജക്ട് പ്രയോജനപ്പെടുകയുണ്ടായി.

## മാനസ

സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് ആത്മവിശ്വാസം പകരുന്നതിനും അവരുടെ സ്വകാര്യ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും വേണ്ടി ഫലപ്രദമായ നിലയിൽ സൗകര്യം ഒരുക്കുന്ന ഒരു പദ്ധതിയാണ് മാനസ. ഭിന്നശേഷിക്കാരായ വിദ്യാർത്ഥിനികൾക്കടക്കം ഉപയോഗിക്കാവുന്ന വിധത്തിലുള്ള നിരവധി ടോയിലറ്റ് സൗകര്യങ്ങൾ, സ്കൂൾ ബാഗുകൾ അടക്കം സൂക്ഷിക്കാനുള്ള സൗകര്യം, വിശ്രമിക്കാനുള്ള സൗകര്യം, വസ്ത്രങ്ങൾ മാറാനുള്ള സൗകര്യം, ഭക്ഷണം കഴിക്കാനും മറ്റുമുള്ള സൗകര്യങ്ങൾ തുടങ്ങി എല്ലാവിധ സൗകര്യങ്ങളോടും കൂടിയ കെട്ടിടങ്ങളാണ്



മാനസ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്.

## മാനസ പ്ലസ്

പെൺകുട്ടികൾ കൂടുതലായി പഠിക്കുന്ന എല്ലാ സർക്കാർ ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നാപ്കിൻ വെൻഡിംഗ് ആന്റ് ഡിസ്ട്രോയർ മെഷീൻ സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണിത്.

## സാരഥി

ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകൾക്ക് വിദ്യാർത്ഥികളെ എത്തിക്കുന്നതിനും തിരികെ കൊണ്ടു പോകുന്നതിനും ആവശ്യമായ സ്കൂൾ ബസുകൾ വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. വർദ്ധിച്ചുവരുന്ന വിദ്യാർത്ഥികളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനും വിദ്യാർത്ഥികളെ പൊതു വിദ്യാലയങ്ങളിൽ നിലനിർത്തുന്നതിനും ഉതകുന്ന പദ്ധതിയാണിത്.

## ഗ്രീൻ & ക്ലീൻ ക്യാമ്പസ്

ജില്ലാപഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകൾ ഹരിതാഭമാക്കുന്നതിനും വൃത്തിയായി സംരക്ഷിക്കുന്നതിനും പ്ലാസ്റ്റിക്ക് മുക്തമാക്കുന്നതിനും സ്കൂളുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. സ്കൂളുകളിൽ ഔഷധ സസ്യങ്ങൾ, മരങ്ങൾ, പച്ചക്കറി, ചെടികൾ തുടങ്ങിയവ വച്ചുപിടിപ്പിക്കൽ. കുട്ടികൾക്ക് കൃഷിയോടുള്ള ആഭിമുഖ്യം വളർത്തൽ ജലത്തിന്റെ ദുരുപയോഗം കുറയ്ക്കൽ, ഭൂമിയിൽ വീഴുന്ന വെള്ളം മണ്ണിലേക്ക് ഊർന്നിറങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്.

## ദുർബല വിഭാഗങ്ങൾക്കൊപ്പം

സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടതും പിന്നോക്കം നിൽക്കുന്നതുമായ ജനവിഭാഗങ്ങളെ മുഖ്യധാരയി ലേക്ക് എത്തിക്കുന്നതിനും അവരുടെ ക്ഷേമ ഐശ്വര്യങ്ങൾ ഉറപ്പു വരുത്തുന്നതിനും ആവശ്യമായിട്ടുള്ള സമഗ്രവും സുസ്ഥിരവുമായ വികസന പ്രവർത്തനങ്ങളാണ് ജില്ലാപഞ്ചായത്ത് ഈ കാലയളവിനുള്ളിൽ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിലും പട്ടിക വർഗ്ഗ വിഭാഗത്തിലുംപ്പെട്ട ജനസമൂഹത്തിന്റെയും അവർ അധിവസിക്കുന്ന സങ്കേതങ്ങളുടെയും വികസനമാണ് ഈ ഭരണ സമിതിയുടെ ലക്ഷ്യം. അത് സാധിതപ്രായമാക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുവാനും ആ വിഭാഗത്തിന്റെ സാമൂഹിക പുരോഗതി നേടിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്.

## കൂത്തമ്പലം

തനത് പാരമ്പര്യ കലാരൂപങ്ങളുടെ പ്രോത്സാഹനത്തിന്റെ ഭാഗമായി ചെണ്ട, ശിങ്കാരി മേളം, ബാന്റ് മേളം, പഞ്ചവാദ്യം തുടങ്ങിയവയിൽ പരിശീലനവും വാദ്യോപകരണങ്ങൾ വാങ്ങി നൽകലുമാണ് ഈ പ്രോജക്ട് കൊണ്ട് ലക്ഷ്യമിടുന്നത്.

## വനജ്യോതി

വിതുര, തൊളിക്കോട്, നന്ദിയോട്, പെരിങ്ങമല, പാങ്ങോട്, അമ്പൂരി, കള്ളിക്കാട്, കുറ്റിച്ചൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ 10 പട്ടികവർഗ്ഗ സങ്കേതങ്ങളിലായി രാത്രികാല പഠന ക്ലാസ്സ് നടത്തുന്ന പദ്ധതിയാണിത്. ഫെസിലിറ്റേറ്റർമാരുടെ ഓണറേറിയം പഠിതാക്കൾക്ക് ലഘുഭക്ഷണം, പഠനോപകരണം എന്നിവ നൽകുന്നു.

*വിവരങ്ങൾക്ക് കടപ്പാട്: സെക്രട്ടറി, തിരുവനന്തപുരം ജില്ലാപഞ്ചായത്ത്*



മാതൃക



## ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്

# വിഭവ സമാഹരണത്തിലൂടെ സമഗ്രവികസനത്തിലേക്ക്

■ അനിതാപ്രസാദ്

**വിവിധ വികസനമേഖലകളിൽ പഞ്ചായത്ത് നടത്തിയ ശ്രദ്ധേയമായ ഇടപെടലുകളും വികസനപ്രവർത്തനങ്ങളുമാണ് ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിനെ ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് ശശാക്തീകരൺ പുരസ്ക്കാരത്തിന് തെരഞ്ഞെടുക്കാൻ കാരണമായത്.**

മികച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള 2017-18 വർഷത്തെ കേന്ദ്രഗവണ്മെന്റ് നല്കുന്ന ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് ശശാക്തീകരൺ പുരസ്കാരത്തിന് കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് അർഹമായി. ഇരുപത്തിയഞ്ച് ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. ഒക്ടോബർ മാസം ഡൽഹിയിൽവച്ച് നടന്ന ചടങ്ങിൽ കേന്ദ്രപഞ്ചായത്ത്രാജ് മന്ത്രി നരേന്ദ്ര സിംഗ് തോമറിൽ നിന്നും പുരസ്ക്കാരം പഞ്ചായത്ത് ഏറ്റുവാങ്ങി.

വിവിധ വികസനമേഖലകളിൽ പഞ്ചായത്ത് നടത്തിയ ശ്രദ്ധേയമായ ഇടപെടലുകളും വികസനപ്രവർത്തനങ്ങളുമാണ് ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിനെ അവാർഡിനായി തെരഞ്ഞെടുക്കാൻ പ്രേരിപ്പിച്ചത്. കൊല്ലം ജില്ലയുടെ നെല്ലറ എന്നു വിശേഷിപ്പിക്കുന്ന ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിൽ കാർഷികമേഖലയിൽ വളരെയധികം പദ്ധതികൾ വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞു. വരുമാന സാധ്യതകൾ വളരെ കുറവുള്ള ഒരുപഞ്ചായത്താണിത്. വരുമാനം ലഭിക്കത്തക്ക വലിയ സ്ഥാപനങ്ങളോ വ്യവസായ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല. എന്നിട്ടും നികുതിനികുതിയേതര വരുമാനം പരമാവധി ശേഖരിക്കുവാനും ഉപയുക്തമാക്കുവാനും പഞ്ചായത്ത് ഭരണസമിതിക്ക് കഴിഞ്ഞു. നികുതി ലഭിക്കാനുള്ള എല്ലാ




സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഭരണസമിതി അംഗങ്ങളും ജീവനക്കാരും ഒന്നിച്ച് കൈകോർത്തു പ്രവർത്തിച്ചപ്പോൾ നൂറുശതമാനം നികുതിയും ശേഖരിക്കുന്നതിന് പഞ്ചായത്തിനു സാധിച്ചു.

| നികുതിയിനം | 2013-14 | 2017-18 |
|---|---|---|
| വസ്തുനികുതി | 1583301 | 3166822 |
| തൊഴിൽനികുതി | 1088592 | 1376980 |
| ലൈസൻസ്ഫീസ് | 83300 | 144000 |
| പെർമിറ്റ് ഫീസ് | 17111 | 120645 |

## ആശ്രയ

ആശ്രയ പ്രോജക്ടിലൂടെ 126 ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങളും അതിജീവനാവശ്യങ്ങളും നല്കുന്നതിനു പഞ്ചായത്തിനു സാധിച്ചു.

| | |
|---|---|
| അഗതി കുടുംബങ്ങൾ | 126 |
| ഭൂരഹിത കുടുംബം | 8 |
| വീടില്ലാത്തവർ | 36 |
| ഭവന പുനരുദ്ധാരണം | 17 |
| ആകെ പ്രോജക്ട് തുക | 1,08,53,500 |
| കുടുംബശ്രീ മിഷൻ വിഹിതം | 15,00,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 62,00,000 |
| പ്ലാൻ ഫണ്ട് | 30,70,000 |

## സ്മാർട്ട് ക്ലാസ് റൂം

പഞ്ചായത്തിനു സ്വന്തമായി മൂന്ന് സ്കൂളുകളാണുള്ളത്. എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസ്റൂമുകളൊരുക്കി പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

## തൊഴിലുറപ്പ് പദ്ധതി

സ്ഥായിയായ ആസ്തികൾ സൃഷ്ടിച്ചുകൊണ്ടാണ് തൊഴിലുറപ്പ് പദ്ധതിയിൽ പഞ്ചായത്ത് നേട്ടങ്ങൾ കൈവരിച്ചത്. തൊഴിലുറപ്പ് പദ്ധതിയിൽ റോഡുകൾ നിർമ്മിച്ച് തുടർ പ്രവർത്തനങ്ങൾ പദ്ധതി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിന് പഞ്ചായത്തിന് സാധിക്കുന്നു.

## പ്രധാന നേട്ടങ്ങൾ

- നികുതി നികുതിയേതര വരുമാനങ്ങൾ നൂറുശതമാനവും ശേഖരിച്ച് വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നു.
- തൊഴിലുറപ്പ് പദ്ധതിയിൽ സ്ഥായിയായ ആസ്തികൾ സൃഷ്ടിച്ചു.
- മാലിന്യ ശേഖരണത്തിന് തുമ്പൂർമുഴി മോഡൽ പൊതുമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ
- ഇ-ടോയ്‌ലറ്റ്
- മണ്ണ് സംരക്ഷണത്തിന് കയർ ഭൂവസ്ത്ര പദ്ധതി
- പ്ലാസ്റ്റിക് ശേഖരണത്തിന് ഹരിതകർമ്മസേന
- നവീകരിച്ച റിക്കോർഡ് റൂം, ഫ്രണ്ട് ആഫീസ്, പൊതുജനങ്ങൾക്കുള്ള മറ്റ് സേവനദായക സംവിധാനങ്ങൾ
- പ്രധാന റോഡുകൾ സഞ്ചാരയോഗ്യമാക്കി
- ശിശുസൗഹൃദ അംഗൻവാടികൾ
- കുടുംബശ്രീവഴി സ്കൂളുകളിൽ പ്രഭാത ഭക്ഷണം
- കുടുംബശ്രീ കഫേ ഉൾപ്പെടെ ഫലപ്രദമായി പ്രവർത്തിക്കുന്ന സംരംഭ യൂണിറ്റുകൾ.

## നെൽകൃഷി

സമഗ്രനെൽകൃഷി വികസനത്തിന് പദ്ധതി തയ്യാറാക്കി 220 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വിജയകരമായി നടത്തുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി സമഗ്ര പച്ചക്കറി കൃഷി നടപ്പാക്കുകയും അതുവഴി പച്ചക്കറി ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടാക്കുവാനും കഴിഞ്ഞു. പശു വളർത്തൽ പദ്ധതി, ക്ഷീരകർഷകർക്ക് സബ്സിഡി, പാലിയേറ്റീവ്കെയർ പദ്ധതി പ്രകാരം പോഷകാഹാരവും ഭക്ഷണകിറ്റും പരിചരണവും, നിർദ്ധനരായ സ്ത്രീകൾക്കുള്ള പ്രസവാനന്തര ശുശ്രൂഷയും മരുന്നു നല്കലും, വൃദ്ധർക്കുള്ള രോഗപ്രതിരോധ ചികിത്സാപദ്ധതി, പട്ടികജാതി വിഭാഗത്തിലെ യുവജനങ്ങളുടെ കലാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് വാദ്യോപകരണങ്ങൾ നല്കി പരിശീലനം നല്കൽ, യുവജനങ്ങൾക്ക് പിക്അപ്പ് വാൻ എന്നീ വ്യത്യസ്തമായ പ്രോജക്ടുകൾ വിജയകരമായി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിഞ്ഞു. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയ പഞ്ചായത്താണിത്. നവീകരിച്ച റിക്കോർഡ് റൂമും കംപ്യൂട്ടർവത്ക്കരിച്ച ഓഫീസും പരിശീലനം ലഭിച്ച ജീവനക്കാരും സേവനങ്ങൾ സമയബന്ധിതമായി നല്കുന്നതിന് പഞ്ചായത്തിനെ സഹായിക്കുന്നു. പഞ്ചായത്തിനെ ഒരു മാതൃകാ പഞ്ചായത്താക്കി മാറ്റുന്നതിന് ഭരണസമിതി അംഗങ്ങളുടെ ഇടപെടൽ സ്തുത്യർഹമാണ്. □

*ലേഖിക ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.*




# തിരുന്നാവായ: ഒത്തൊരുമയുടെ വിജയഗാഥ

**ഫൈസൽ എടശ്ശേരി**

**ജനപ്രതിനിധികളും ഉദ്യോഗസ്ഥരും രാഷ്ട്രീയ പാർട്ടികളും സന്നദ്ധ സംഘടനകളും പൊതുജനങ്ങളും ഒരേ മനസ്സോടെ വികസന രംഗത്ത് ഐക്യപ്പെട്ടതിന്റെ വിജയഗാഥയുമായി തിരുന്നാവായ രണ്ട് ദേശീയ പുരസ്കാരങ്ങൾ സ്വന്ത മാക്കി ജനകീയ ഐക്യത്തിന്റെയും സുസ്ഥിര വികസനത്തിന്റെയും പുതിയ മാതൃകകൾ സൃഷ്ടിക്കുകയാണ്.**

പൗരാണിക കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനവും ഒട്ടേറെ ചരിത്ര - ഐതിഹ്യപ്പെരുമകൾ കൊണ്ട് ശ്രദ്ധേയവുമായ പ്രദേശമാണ് തിരുന്നാവായ. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നദികളിലൊന്നായ ഭാരതപ്പുഴയുടെ തീരത്തെ ഈ ഗ്രാമപഞ്ചായത്ത് ജൈവ വൈവിധ്യങ്ങൾകൊണ്ടും ചരിത്ര പശ്ചാത്തലംകൊണ്ടും സമ്പന്നമാണ്. നദീതട സംസ്കാരത്തിന്റെയും പ്രാചീന നാഗരികതയുടെയും ഭാഗമായി രൂപപ്പെട്ട ചരിത്ര പ്രസിദ്ധമായ 'മാമാങ്കം' വ്യാപാര മേള അരങ്ങേറിയിരുന്നത് തിരുന്നാവായയിലാണ്. കടലിലേക്ക് മഴു എറിഞ്ഞ് കേരളത്തെ കണ്ടെടുത്തെന്ന് ഐതീഹ്യങ്ങളിൽ പറയുന്ന പരശുരാമന്റെ ആസ്ഥാനവും തിരുന്നാവായ ആയിരുന്നു. ഹിന്ദുമത വിശ്വാസികൾക്കിടയിൽ രണ്ടാം തെങ്കാശി എന്നും തിരുന്നാവായ അറിയപ്പെടുന്നുണ്ട്.

ദേശാടനപക്ഷികളുടെ പറുദീസയും ചരിത്രാന്വേഷകരുടെയും വിനോദ സഞ്ചാരികളുടെയും ഇഷ്ട കേന്ദ്രവുമാണ് തിരുന്നാവായ. നിളാ തീരത്തെ ഈ വലിയ ഗ്രാമ പഞ്ചായത്ത് രണ്ട് വില്ലേജുകളും 23 വാർഡുകളും 19.55 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും അൻപതിനായിരത്തിലധികം ജനസംഖ്യയുമുള്ള വലിയ ഭൂപ്രദേശമാണ്. ഒരുകാലത്ത് വളരെ പിന്നോക്കമായിരുന്ന ഈ ഭൂപ്രദേശം പഞ്ചായത്തീ രാജ് സംവിധാനത്തിലൂടെ വലിയ വികസന മുന്നേറ്റമാണ് സാധിച്ചെടുത്തത്.

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും രാഷ്ട്രീയ പാർട്ടികളും സന്നദ്ധ സംഘടനകളും പൊതുജനങ്ങളും ഒരേ മനസ്സോടെ വികസന രംഗത്ത് ഐക്യപ്പെട്ടതിന്റെ വിജയഗാഥയുമായി തിരുന്നാവായ ഗ്രാമ

പഞ്ചായത്ത് രണ്ട് ദേശീയ പുരസ്കാരങ്ങൾ സ്വന്തമാക്കി ജനകീയ ഐക്യത്തിന്റെയും സുസ്ഥിര വികസനത്തിന്റെയും പുതിയ മാതൃകകൾ സൃഷ്ടിക്കുകയാണ്.

2019 ലെ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ ദീൻദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൻ പുരസ്കാരം, നാനാജി ദേശ്മുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭ പുരസ്കാരം എന്നീ രണ്ട് അവാർഡുകളാണ് ഒരേ സമയം തിരുന്നാവായ ഗ്രാമപഞ്ചായത്തിനെ തേടിയെത്തിയത്.

വിപുലമായ ജനകീയ പങ്കാളിത്തത്തോടെ 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ സമഗ്രമായ പദ്ധതികളാണ് തിരുന്നാവായയെ ഈ നേട്ടത്തിനർഹമാക്കിയത്. ജലസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ 'ജലസമൃദ്ധം ഹരിതാഭം' സമ്പൂർണ്ണ ജല-ജൈവ വൈവിധ്യ സംരക്ഷണ പദ്ധതി, മാലിന്യ പരിപാലനത്തിനായി തയ്യാറാക്കിയ 'നിർമ്മലം നിളയോരം' സമഗ്ര മാലിന്യ നിർമ്മാർജ്ജന പരിപാടി, കാർഷിക മേഖലയിൽ നടപ്പിലാക്കിയ 'യുവശ്രീ' തരിശുരഹിത ഗ്രാമം, 'ഹരിതം തിരുന്നാവായ' വിഷവിമുക്ത പച്ചക്കറി ഗ്രാമം, ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ 'സാന്ത്വനം' മാനസികാരോഗ്യ പരിചരണ പരിപാടി, വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതി എന്നിവയാണ് ഈ നേട്ടത്തിന് പഞ്ചായത്തിനെ അർഹമാക്കിയത്.

## ജലസമൃദ്ധം ഹരിതാഭം

ഹരിത കേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കിയ 'ജലസമൃദ്ധം ഹരിതാഭം' പദ്ധതിയിലൂടെ പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സായ പല്ലാറ്റ് കായലിൽ നേരത്തെ നികന്ന് പോയിരുന്ന 3000 മീറ്റർ നീളത്തിലുള്ള 6 കൈത്തോടുകൾ പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെ പുനസ്ഥാപിക്കുകയും നീറ്റിങ്ങര തടാകം, പാലത്തുംകുണ്ട് തടാകം, ചീർപ്പുംകുണ്ട് തടാകം എന്നിവ വീതികൂട്ടിയും വി.സി.ബികൾ ശാക്തീകരിച്ചും പുനരുദ്ധരിക്കുകയും ചെയ്തു. പഞ്ചായത്തിലെ പ്രധാന ജലവാഹിനിയായ വിലില്ലാപുഴ തോട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുകയും കമാനം കൈത്തക്കര തോട്, മുള്ളങ്ങതോട് എന്നിവ നവീകരിക്കുകയും ചെയ്തു.

ഈ പദ്ധതികളൊക്കെയും ഉരുത്തിരിഞ്ഞ് വന്നത് പഞ്ചായത്തിലെ 23 വാർഡുകളിലും നടന്ന ഗ്രാമസഭകളിലെ ചർച്ചകളിലൂടെയും നിർദ്ദേശങ്ങളിലൂടെയുമായിരുന്നു എന്നതാണ് ഏറെ ശ്രദ്ധേയമായ കാര്യം. എൻ.ഡി.ആർ.ജി.ജി. പുരസ്കാരത്തിന് പഞ്ചായത്തിനെ അർഹമാക്കിയതും ഗ്രാമസഭയുടെ കാര്യക്ഷമമായ ഈ ഇടപെടൽ തന്നെയാണ്.

കാർഷിക മേഖലയിൽ കുടുംബശ്രീ മാതൃകയിൽ യുവാക്കളുടെ നേതൃത്വത്തിൽ യുവശ്രീ എന്ന പേരിൽ കൂട്ടായ്മകൾ സംഘടിപ്പിക്കുകയും അതിലൂടെ യുവാക്കളെ കാർഷിക മേഖലയിലേക്കിറക്കി പഞ്ചായത്തിൽ തരിശായി കിടന്നിരുന്ന നൂറോളം എക്കർ കൃഷി ഭൂമിയിൽ വിജയകരമായി നെൽകൃഷി ചെയ്തു. ഇതിലൂടെ പ്രദേശത്തെ കുടിവെള്ള ദൗർലഭ്യത്തിന് വലിയൊരു പരിധിവരെ പരിഹാരം കാണുന്നതിന് സാധിച്ചു.

ഈ പദ്ധതികളൊക്കെയും ഉരുത്തിരിഞ്ഞ് വന്നത് പഞ്ചായത്തിലെ 23 വാർഡുകളിലും നടന്ന ഗ്രാമസഭകളിലെ ചർച്ചകളിലൂടെയും നിർദ്ദേശങ്ങളിലൂടെയുമായിരുന്നു എന്നതാണ് ഏറെ ശ്രദ്ധേയമായ കാര്യം. എൻ.ഡി.ആർ.ജി.ജി. പുരസ്കാരത്തിന് പഞ്ചായത്തിനെ അർഹമാക്കിയതും ഗ്രാമസഭയുടെ കാര്യക്ഷമമായ ഈ ഇടപെടൽ തന്നെയാണ്. ഗ്രാമസഭകളിലെ നിറഞ്ഞ പങ്കാളിത്തവും സമഗ്രമായ ചർച്ചകളും ചർച്ചകളിലൂടെ ലഭിച്ച നിർദ്ദേശങ്ങളും കൃത്യമായി നടപ്പിലാക്കാൻ ആസൂത്രണ സമിതിയും പ്രവർത്തന കമ്മിറ്റികളും ഭരണസമിതിയും ഉദ്യോഗസ്ഥരും പൊതുജനങ്ങളും ഒത്തുപിടിച്ചു. പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്ലാൻ ഫണ്ടും തനത് ഫണ്ടും തൊഴിലുറപ്പ പദ്ധതി ഫണ്ടും കൂട്ടിയോജിപ്പിക്കുകയും അതിന് പുറമെ പൊതുജനങ്ങൾ നേരിട്ട് പദ്ധതി പ്രവർത്തനങ്ങളുടെ ചെലവുകൾ സ്പോൺസർ ചെയ്യുകയും ചെയ്തത് പുതിയ തിരുന്നാവായ മോഡലായി മാറി.

## നിർമ്മലം നിളയോരം

മാലിന്യനിർമ്മാർജ്ജനത്തിനായി ഹരിത കേരളം മിഷന്റെയും സ്വച്ഛ് ഭാരത് മിഷന്റെയും ഭാഗമായി നടപ്പിലാക്കിയ 'നിർമ്മലം നിളയോരം' സമഗ്ര മാലിന്യ നിർമ്മാർജ്ജന പരിപാടിയിലൂടെ പഞ്ചായത്തിലെ മുഴുവൻ വീടുകളിൽ നിന്നും






കടകളിൽ നിന്നും തെരുവുകളിൽ നിന്നും ഒരാഴ്ച നീണ്ടു നിന്ന വിപുലമായ ക്യാമ്പയിനിലൂടെ ജൈവവും അജൈവവുമായ മുഴുവൻ മാലിന്യങ്ങളും ശേഖരിക്കുകയും അവ പുനഃചംക്രമണത്തിനും സംസ്കരണത്തിനുമായി അംഗീകൃത ഏജൻസിക്ക് കൈമാറുകയും ചെയ്തു.

കാലങ്ങളായി മാലിന്യങ്ങൾ കമിഞ്ഞ് കൂടി തിരുന്നാവായ എടക്കുളം തോട് പൂർണ്ണമായും വൃത്തിയാക്കി നീരൊഴുക്ക് പുനഃസ്ഥാപിച്ചത് വലിയ നേട്ടമായി. മാലിന്യങ്ങൾ വലിച്ചെറിഞ്ഞിരുന്ന കമാനം കൈത്തക്കര തോടിന് സമീപവും നിരന്തരം മാലിന്യങ്ങൾ തള്ളിയിരുന്ന പ്രദേശങ്ങളിലും സി.സി.ടി.വി ക്യാമറ സ്ഥാപിച്ച് നിരീക്ഷിച്ച് കഴിഞ്ഞ രണ്ട് മൺസൂൺ സീസണുകളിലും ഒരു തരത്തിലുമുള്ള സാംക്രമിക രോഗങ്ങളും പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടില്ല എന്നത് നേട്ടമായി.

ഇന്ത്യയിലെ അറിയപ്പെടുന്ന തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ തിരുന്നാവായ ത്രിമൂർത്തി സംഗമ കേന്ദ്രമാണ്. മഹാത്മജിയുടെ ചിതാഭസ്മം നിമജ്ജനം ചെയ്തതും രാഷ്ട്രപിതാവിന്റെ സ്മരണാർത്ഥം സ്ഥാപിക്കപ്പെട്ട ഏറ്റവും പഴക്കംചെന്ന പ്രതിമയും തിരുന്നാവായയിലാണ്. വാവുത്സവങ്ങളിലും നാവാമുകുന്ദാ ക്ഷേത്രത്തിലെ മറ്റു ചടങ്ങുകളിലും പങ്കെടുക്കുന്നതിന് പതിനായിരങ്ങളാണ് ഇവിടെ എത്താറുള്ളത്. ഇവിടെ പൊതു ശൗചാലയം നിർമ്മിക്കുകയും വാവുത്സവങ്ങൾ പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം നടത്തുന്നതിന് സംവിധാനമൊരുക്കുകയും ചെയ്തു.

## മാനസികാരോഗ്യ പരിചരണ പരിപാടി

ആരോഗ്യ മേഖലയിൽ ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കിയ സാന്ത്വനം മാനസികാരോഗ്യ പരിചരണ പരിപാടി കമ്മ്യൂണിറ്റി സൈക്യാടിയുടെ ഏറ്റവും നല്ല മാതൃകയായി. പഞ്ചായത്തിലെ നിരാലംബരും നിരാശ്രയരുമായ മാനസിക രോഗികളെ കണ്ടെത്തി കൃത്യമായ ചികിത്സ നൽകുകയും അവരെ പുനരധിവസിപ്പിക്കുകയും ചെയ്തു. പ്രമുഖ സൈക്യാടിസ്റ്റ് ഡോ. മനോജിന്റെ നേതൃത്വത്തിൽ കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന എം. ഹാറ്റ് എന്ന എൻ.ജി.ഒ യുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയത്. രോഗികൾക്കായി എല്ലാ ആഴ്ചകളിലും ഡോക്ടർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും സേവനം ഉറപ്പു വരുത്തുകയും പത്തിലധികം വരുന്ന മാനസിക രോഗികളെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടു വരികയും അവരെ പഞ്ചായത്തിന്റെ കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന പകൽവീട്ടിൽ പുനരധിവസിപ്പിക്കുകയും ചെയ്തു. ഈ പദ്ധതി ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുകയും സി.എൻ.എൻ ഉൾപ്പടെയുള്ള വാർത്താചാനലുകൾ ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പ്രത്യേകം ഡോക്യുമെന്ററിയായി സംപ്രേഷണം ചെയ്യുകയുമുണ്ടായി.

പഞ്ചായത്തിന്റെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ മുഖച്ഛായ മാറ്റുന്ന വിധത്തിലുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും 2017-18 ൽ തന്നെ കായകൽപ്പ അവാർഡും കമന്റേഷൻ അവാർഡും ക്യാഷ് അക്രഡിറ്റേഷനും സ്വന്തമാക്കുകയും ചെയ്തു.

പഞ്ചായത്തിലെ ഭിന്നശേഷി വിദ്യാർത്ഥികൾക്കായി പ്രത്യേകം പ്രിവിലേജ് കാർഡ് വിതരണം ചെയ്യുകയും ഭിന്നശേഷിക്കാർക്കായി ബഡ്സ് & റിഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കുകയും ചെയ്തു.

## സ്കൂളുകൾ ഹൈടെക്കായി

വിദ്യാഭ്യാസ മേഖലയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പഞ്ചായത്തിലെ മുഴുവൻ സർക്കാർ പ്രൈമറി സ്കൂളുകളും ആഗോള നിലവാരത്തിലുള്ള ഹൈടെക് ഫെസിലിറ്റിയിലേക്ക് മാറ്റുന്ന പദ്ധതിക്ക് തുടക്കംകുറിച്ചു. പദ്ധതിയുടെ ഭാഗമായി ക്ലാസ്മുറികൾ ശീതീകരിക്കുകയും അടിസ്ഥാന സൗകര്യങ്ങളും പഠനോപകരണങ്ങളും ഹൈടെക് നിലവാരത്തിലേക്ക് മാറ്റുകയും ചെയ്തു. ഇതിലൂടെ പഞ്ചായത്തിലെ മുഴുവൻ സർക്കാർ എൽ.പി. സ്കൂളുകളിലും കുട്ടികൾ വർദ്ധിച്ചു.

ലൈഫ് മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ആദ്യഘട്ടത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുത്തത് നേരത്തെ നിർമ്മാണം തുടങ്ങുകയും പൂർത്തീകരിക്കാതെ പാതിവഴിയിൽ നിൽക്കുകയും ചെയ്യുന്ന വീടുകളായിരുന്നു. ഇക്കാര്യത്തിൽ സംസ്ഥാനത്ത് തന്നെ ഏറ്റവും ആദ്യം 100 ശതമാനം നേട്ടം കൈവരിക്കാൻ പഞ്ചായത്തിനായി. ഇതിനായി പൊതുജനങ്ങളിൽ നിന്നും അകമഴിഞ്ഞ സഹായം ലഭ്യമായി.

ആശ്രയിക്കാൻ ആരുമില്ലാതിരുന്ന സരോജിനി തോട്ടുംപുറത്ത് എന്ന വയോധികയുടെ വീടിന്റെ ചുമരുകളുടെ പടവും അതിനാവശ്യമായ കല്ലുകൾ ചുമന്ന് സൈറ്റിലെത്തിക്കലും പ്ലാസ്റ്ററിങ്ങും ഉൾപ്പടെയുള്ള ജോലികൾ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ബാബുമോൻ സ്വന്തമായി തന്നെ ചെയ്തത് ഏറെ ശ്രദ്ധേയമായി.

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അന്തസത്ത ഉൾകൊണ്ട് കക്ഷി രാഷ്ട്രീയ മത ചിന്തകൾക്കതീതമായി മാതൃകാപരമായ ഒത്തൊരുമയും വികസന കാഴ്ച്ചപ്പാടുമായി ഇനിയും ബഹുദൂരം മുന്നോട്ട് കുതിക്കാനാവുമെന്ന പ്രതീക്ഷയിലാണ് തിരുന്നാവായ ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൊതുജനങ്ങളും. □

*ലേഖകൻ തിരുന്നാവായ ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.*

# ലൈഫ് ഭവന പദ്ധതി:
# ജനുവരിയോടെ രണ്ട് ലക്ഷം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കും

സംസ്ഥാനതലത്തിൽ രണ്ടു ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം ജനുവരി 26 ന് റിപ്പബ്ലിക് ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

സംസ്ഥാന സർക്കാരിന്റെ പ്രധാന മിഷനുകളിലൊന്നായ ലൈഫ് പദ്ധതിയിൽ പാവപ്പെട്ടവർക്കായി 1.51 ലക്ഷം വീടുകളുടെ നിർമ്മാണം ഇതിനകം പൂർത്തിയായി. 2020 ജനുവരിയോടെ രണ്ട് ലക്ഷം വീടുകളുടെ നിർമ്മാണം പൂർത്തിയാകും. സംസ്ഥാനതലത്തിൽ രണ്ടു ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം ജനുവരി 26 ന് റിപ്പബ്ലിക് ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.


ഇതിനു മുന്നോടിയായി ലൈഫ് പദ്ധതിയിൽ വീട് നിർമ്മാണം പൂർത്തിയായ ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും ബ്ലോക്ക് നഗരസഭാ കോർപ്പറേഷൻ തലങ്ങളിലും ജില്ലാ തലത്തിലും നടത്താൻ സർക്കാർ തീരുമാനിച്ചു. ഡിസംബർ 15 മുതൽ ജനുവരി 15 വരെ കാലയളവിലാണ് ബ്ലോക്ക്- ജില്ലാതല സംഗമങ്ങൾ നടത്തുക. ലൈഫ് ഗുണഭോക്താക്കൾക്ക് സംസ്ഥാന- കേന്ദ്ര സർക്കാരുകളുടെ വിവിധ ക്ഷേമപദ്ധതികളും സേവനങ്ങളും നേരിട്ട് ലഭ്യമാക്കുന്നതിനാണ് കുടുംബസംഗമത്തോടൊപ്പം 20 ഓളം വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പു വരുത്തി അദാലത്തുകളും സംഘടിപ്പിക്കുന്നത്.

കാലങ്ങളായി നിർമ്മാണം മുടങ്ങി കിടന്നിരുന്ന വീടുകളുടെ പൂർത്തീകരണമാണ് ലൈഫ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിർവ്വഹിച്ചത്. ഇവയിൽ 96 ശതമാനം ഇപ്പോൾ പൂർത്തിയായി. ജനുവരിയോടെ 98 ശതമാനമാകും. ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണമാണ് അവശേഷിക്കുന്ന രണ്ട് ശതമാനം പൂർത്തിയാക്കാൻ തടസ്സമായി നിൽക്കുന്നത്. രണ്ടാംഘട്ടത്തിൽ ആരംഭിച്ച പുതിയ വീടുകളിൽ 60 ശതമാനത്തിന്റെ നിർമ്മാണം പൂർത്തിയാക്കി. 80 ശതമാനം ഉടനെ ആകും. ഭവനരഹിതർക്ക് വീട് മാത്രം വച്ചു കൊടുക്കുകയല്ല അവർക്ക് എല്ലാ അർത്ഥത്തിലും ജീവിതം ലഭ്യമാക്കുകയാണ് ലൈഫ് മിഷൻ കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനാണ് വിവിധ വകുപ്പുകളിൽ നിന്ന് അവർക്കു ലഭിക്കേണ്ട സേവനങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ കുടുംബ സംഗമങ്ങളും അദാലത്തുകളും സംഘടിപ്പിക്കുന്നത്.

> ലൈഫ് പദ്ധതിയിൽ വീട് നിർമ്മാണം പൂർത്തിയായ ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും ബ്ലോക്ക് നഗരസഭാ കോർപ്പറേഷൻ തലങ്ങളിലും ജില്ലാ തലത്തിലും നടത്താൻ സർക്കാർ തീരുമാനിച്ചു. ഡിസംബർ 15 മുതൽ ജനുവരി 15 വരെ കാലയളവിലാണ് ബ്ലോക്ക്- ജില്ലാതല സംഗമങ്ങൾ നടത്തുക.

സർക്കാർ സേവനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ലൈഫ് ഗുണഭോക്താക്കൾക്ക് കൂടി ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ വിവര- പൊതുജന സമ്പർക്ക വകുപ്പിനെ കൂടി ലൈഫ് മിഷന്റെ പങ്കാളിയാക്കിയിട്ടുണ്ട്. വിവര- പൊതുജന സമ്പർക്ക വകുപ്പിന്റെ പ്രിസം പദ്ധതി പ്രകാരമുള്ള ബ്ലോക്കുതല ഇൻഫർമേഷൻ അസിസ്റ്റന്റുമാരുടെ സേവനം കൂടി ഈ രംഗത്ത് പ്രയോജനപ്പെടുത്തും.

കുടുംബ സംഗമത്തോടനുബന്ധിച്ച് ബ്ലോക്ക്-നഗരസഭാ-കോർപ്പറേഷൻ തലങ്ങളിൽ നടക്കുന്ന അദാലത്തിൽ ഐ.ടി, ലീഡ് ബാങ്ക്, സിവിൽ സപ്ലൈസ്, ശുചിത്വമിഷൻ, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി, വ്യവസായം, ഫിഷറീസ്, ക്ഷീര വികസനം, കൃഷി, പഞ്ചായത്ത്, ഗ്രാമവികസനം, പട്ടികജാതി- പട്ടിക വർഗ്ഗ വികസനം, ആരോഗ്യം, സാമൂഹിക നീതി, വനിതാ ശിശു വികസനം, റവന്യൂ തുടങ്ങിയ വകുപ്പുകളുടെ കൗണ്ടറുകളാണ് സജ്ജീകരിക്കുക. ഓരോ വകുപ്പിൽ നിന്നുമുള്ള സേവനങ്ങൾ നേരിട്ട് ലഭ്യമാകുന്നതിന് സൗകര്യമുണ്ടാകും. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പും ഇതോടനുബന്ധിച്ച് നടത്തും. ☐



# നഗര ഭരണ ചരിത്രം

എം. വിജയകുമാരൻ നായർ പൂജപ്പുര

**1882-ൽ റിപ്പൺ പ്രഭുവാണ് പ്രാദേശിക ഭരണ രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിതെളിച്ച നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചത്. ഇതിന്റെ വെളിച്ചത്തിൽ 1888ൽ ബോംബെ മുനിസിപ്പൽ സിറ്റി കോർപ്പറേഷൻ ആക്ട് പാസ്സാക്കുകയുണ്ടായി.**

വളരെ പുരാതന കാലം മുതൽ മനുഷ്യൻ കൂട്ടായി ജീവിക്കാൻ തുടങ്ങിയിരുന്നു. ഇവർക്ക് ഭരണ വ്യവസ്ഥകൾ ആവശ്യമായിവന്നു. അങ്ങനെ ആദ്യം ഗ്രാമഭരണവും തുടർന്ന് നഗരഭരണവും ഉണ്ടായി. ഇന്ത്യയിൽ സിന്ധുനദീതട സംസ്കാരകാലം മുതൽ നഗരഭരണം നിലനിന്നതായി ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ചന്തകൾ, പൊതുസ്ഥലങ്ങൾ, കളിസ്ഥലങ്ങൾ, വലിയ തെരുവുകൾ, കനാലുകൾ എന്നിവയെല്ലാം നഗര ഭരണത്തിൻ കീഴിൽ പ്രവർത്തിച്ചിരുന്നു. മൗര്യഭരണ കാലത്ത് നഗരഭരണം നിയന്ത്രിക്കുന്നതിന് ഒരു അധികാരിയെ നിയമിച്ചിരുന്നു. ഗുപ്ത കാലഘട്ടത്തിൽ ടൗൺ ഭരണത്തിന് കൗൺസിലുകളും ഉണ്ടായിരുന്നു. 1526 മുതൽ 1707 വരെയുള്ള മുഗൾ ഭരണ കാലത്ത് പോലിസിന്റെയും മജിസ്ട്രേട്ടിന്റെയും അധികാരങ്ങളുള്ള സിറ്റി ഗവർണർമാരാണ് നഗരഭരണം നിയന്ത്രിച്ചിരുന്നത്.

ബ്രിട്ടീഷുകാരുടെ ഭരണകാലത്താണ് ഇന്ത്യയിൽ വ്യവസ്ഥാപിതമായ നഗരഭരണത്തിന് തുടക്കം കുറിച്ചത്. 1642-ൽ മദ്രാസ് കോർപ്പറേഷൻ രൂപീകരിക്കുന്നതിനുള്ള അനുമതി ലഭിച്ചതായി കാണുന്നു. ജയിംസ് രണ്ടാമൻ രാജാവ് പുറത്തിറക്കിയ റോയൽ ചാർട്ടർ പ്രകാരം ഗ്രേറ്റർ ചെന്നൈ കോർപ്പറേഷൻ ഉദ്ഘാടനം ചെയ്തു. ലണ്ടൻ നഗരത്തിനുശേഷം ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന നഗരനാഗരിക സ്ഥാപനമാണിത്. 1876-ൽ കൽക്കട്ടാ കോർപ്പറേഷൻ നിലവിൽ വന്നു. മദ്രാസ്, ബോംബെ, കൽക്കട്ട പ്രസിഡൻസി നഗരങ്ങളിൽ മേയേഴ്സ് കോർട്ട് 1720-ൽ നിലവിൽ വന്നു. ബ്രിട്ടീഷ് പൗരന്മാരെയും ഇന്ത്യക്കാരെയും ഉൾപ്പെടുത്തി നികുതി പിരിവടക്കമുള്ള കാര്യങ്ങൾക്കായി പ്രാദേശിക സ്ഥാപനങ്ങൾ രൂപീകരിക്കുകയുണ്ടായി. പല നടപടികൾ സ്വീകരിച്ചെങ്കിലും നഗരഭരണം പരിതാപകരമായി തുടർന്നു. ജനങ്ങൾക്ക് നഗര ഭരണത്തിൽ പ്രാതിനിധ്യമില്ലാതിരുന്നത് ഒരു വലിയ കുറവായി കണക്കാക്കപ്പെട്ടു. ഗവൺമെന്റ് ആവശ്യാനുസരണം മുനിസിപ്പാലിറ്റികൾ രൂപീകരിക്കാൻ അനുമതി നൽകി. ഇത്തരത്തിൽ രൂപീകരിച്ച മുനിസിപ്പാലിറ്റികൾ ജില്ലാ മജിസ്ട്രേറ്റിന്റെ അധീനതയിലായിരുന്നു. ജനങ്ങളിൽ നിന്ന് പണം പിരിച്ച് റോഡ് നന്നാക്കുകയും മറ്റും ചെയ്യുകയായിരുന്നു മുനിസിപ്പാലിറ്റികളുടെ പ്രധാന ജോലി. നഗരഭരണം ശക്തമാക്കേണ്ട ആവശ്യകത

ഉയർന്നവന്നെങ്കിലും ബോംബെ, കൽക്കട്ട നഗരങ്ങൾക്ക് മാത്രമാണ് കുറെയെങ്കിലും അധികാരങ്ങൾ ലഭിച്ചത്.

1882-ൽ റിപ്പൺ പ്രഭുവാണ് പ്രാദേശിക ഭരണ രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴി തെളിച്ച നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചത്. ഇതിന്റെ വെളിച്ചത്തിൽ 1888ൽ ബോംബെ മുനിസിപ്പൽ സിറ്റി കോർപ്പറേഷൻ ആക്ട് പാസ്സാക്കുകയുണ്ടായി. ബോംബെ സിറ്റി കൗൺസിലിൽ തെരഞ്ഞെടുക്കപ്പെട്ടവരും നാമനിർദ്ദേശം ചെയ്തവരുമായ അംഗങ്ങൾ ഉണ്ടായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട ചെയർമാനുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചത് വലിയ വഴിത്തിരിവായി മാറി.

1919-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിന്റെ അടിസ്ഥാനത്തിലാണ് ആദ്യമായി മുനിസിപ്പൽ നിയമങ്ങൾ ഇന്ത്യയിൽ പ്രാബല്യത്തിൽ വന്നത്. ഈ നിയമമനുസരിച്ചാണ് മുനിസിപ്പൽ വകുപ്പ് രൂപീകരിക്കുന്നതും അതിന് പ്രത്യേക മന്ത്രിയെ നിയോഗിക്കുകയും ചെയ്തത്. തെരഞ്ഞെടുക്കപ്പെട്ട കൗൺസിലുകളും ചെയർമാന്മാരും നിലവിൽ വന്നതും ഈ കാലയളവിലാണ്.

1947ൽ ഇന്ത്യ സ്വാതന്ത്ര്യം നേടി. അതിനുശേഷം നഗരഭരണം സംസ്ഥാന ഗവൺമെന്റുകളുടെ ചുമതലയിലായി. 1954ൽ നഗരസഭകളുടെ പ്രശ്നങ്ങൾ പഠിക്കാൻ ഒരു കമ്മിറ്റിയെ ഗവൺമെന്റ് ചുമതലപ്പെടുത്തി. കേന്ദ്ര നഗരഭരണം 1985 വരെ വിവിധ മന്ത്രാലയങ്ങളുടെ അധീനതയിലായിരുന്നു. 1985 ലാണ് നഗര ഭരണത്തിന് സ്വതന്ത്ര മന്ത്രാലയം ഉണ്ടാകുന്നത്. 1989ൽ നഗരപാലിക ബിൽ (63-ാം ഭേദഗതി) പാസ്സാക്കാൻ ശ്രമമുണ്ടായെങ്കിലും നടന്നില്ല. 1992ലാണ് നഗരസഭകൾക്ക് ഇന്ന് കാണുന്ന അധികാരങ്ങളെല്ലാം നൽകിക്കൊണ്ട് 74-ാം ഭരണഘടനാ ഭേദഗതി അംഗീകരിച്ചത്.

കേരളത്തിലെ നഗരവികസന ചരിത്രത്തിന് രണ്ട് ഭാഗങ്ങളുണ്ട്. മലബാറിലും തിരുകൊച്ചിയിലും വ്യത്യസ്ത ഭരണരീതികളായിരുന്നു. ബ്രിട്ടീഷ് ഇന്ത്യയിലെ മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായി ചില നഗരസഭകൾ രൂപീകരിക്കാൻ മദ്രാസ് ഗവർണർ ഉത്തരവിടുകയുണ്ടായി. തലശ്ശേരി, പാലക്കാട് നഗരസഭകൾ ഇത്തരത്തിൽ രൂപീകരിക്കപ്പെട്ടു. 1865ലെ പത്താം ആക്ടനുസരിച്ച് 1866 നവംബർ 1 ാം തീയതി കേരളത്തിലെ ആദ്യത്തെ നഗരസഭയായ തലശ്ശേരി രൂപീകൃതമായി. 1869ൽ നഗരസഭ പ്രവർത്തനമാരംഭിച്ചു. തുറമുഖ നഗരമെന്ന നിലയിൽ വാണിജ്യ ആവശ്യങ്ങൾക്കാണ് തലശ്ശേരി നഗരസഭയ്ക്ക് പ്രാധാന്യം ലഭിച്ചത്. 1866 ജൂലൈ 3 ന് പാലക്കാടിനെ ഒരു പട്ടണമായി മദിരാശി ഗവർണർ പ്രഖ്യാപിച്ചു. 1912 സെപ്തംബർ 11ന് നഗരപിതാവിനെ കൗൺസിലറന്മാർ തെരഞ്ഞെടുത്തതായി കാണുന്നു. തുറമുഖ നഗരമായ പൊന്നാനിയും പ്രശസ്തമായി. പൊന്നാനി നഗരത്തിന്റെ ആദ്യഭരണാധികാരി കോഴിക്കോട് സാമൂതിരി രാജാവായിരുന്നു.

തിരുവിതാംകൂറിലാണ് ശക്തമായ നഗരഭരണം ആദ്യമായി നിലവിൽ വന്നത്. 1888ൽ അധികാരം ജനങ്ങളുമായി പങ്കുവയ്ക്കുന്നതിന് ലജിസ്ലേറ്റീവ് കൗൺസിൽ നിലവിൽ വന്നു. 1904 ൽ ശ്രീമൂലം പോപ്പുലർ അസംബ്ലിക്ക് രൂപം നൽകി. പ്രാദേശിക നഗര ഭരണത്തിന്റെ മേൽനോട്ടത്തിന് ടൗൺ ഇംപ്രൂവ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചു. പ്രാദേശിക നഗരഭരണത്തിനുള്ള ആദ്യത്തെ നിയമ നിർമ്മാണം തിരുവനന്തപുരമടക്കമുള്ള 5 നഗരങ്ങൾക്കവേണ്ടി രൂപീകരിച്ചു. ഇതിൽ ഉദ്യോഗസ്ഥർക്കാണ് ഭൂരിപക്ഷമുണ്ടായത്. മുനിസിപ്പൽ റെഗുലേഷൻ V അനുസരിച്ചാണ് മുനിസിപ്പാലിറ്റികൾ രൂപീകരിച്ചത്. തിരുവിതാംകൂർ മുനിസിപ്പൽ റഗുലേഷൻ ആക്ട് 1921ൽ പാസ്സാക്കി. 1932ൽ ഇത് ഭേദഗതി ചെയ്തു. തിരുവനന്തപുരത്തിന് മാത്രമായി ഒരു റഗുലേഷൻ പാസ്സാക്കുകയുണ്ടായി. മറ്റൊരു റഗുലേഷൻ പ്രകാരം 18 മുനിസിപ്പാലിറ്റികൾക്ക് രൂപം നൽകി. 1920ൽ തിരുവനന്തപുരം മുനിസിപ്പാലിറ്റി നിലവിൽ വന്നു. 1940 ഒക്ടോബർ 30ന് തിരുവനന്തപുരം കോർപ്പറേഷനായി ഇത് മാറി. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് കുടിവെള്ളവിതരണ മടക്കമുള്ള വിപുലമായ അധികാരങ്ങൾ നൽകിയിരുന്നു.

നഗരസഭകൾ വിവിധ വിഷയങ്ങളിൽ ബൈലകൾ ഉണ്ടാക്കുകയും ഗവൺമെന്റ് അനുമതിയോടെ ചീഫ് സെക്രട്ടറി അത് പുറപ്പെടുവിക്കുകയും ചെയ്തുവന്നു. വിവിധങ്ങളായ സർക്കുലറുകളും ഗവൺമെന്റ് ഉത്തരവുകളും വിജ്ഞാപനങ്ങളും ഇതോടൊപ്പം പുറപ്പെടുവിക്കുകയുണ്ടായി. നഗരഭരണം മെച്ചപ്പെടുത്തുന്നതിന് ഗവൺമെന്റ് തന്നെ മാതൃക ബൈലാകൾ ഉണ്ടാക്കി നഗരസഭകൾക്ക് നൽകിയിരുന്നു.

സംസ്ഥാന രൂപീകരണത്തിനുശേഷം നഗരസഭകളുടെയും പഞ്ചായത്തുകളുടെയും ഭരണത്തിനായി ഒരു വകുപ്പ് രൂപീകരിച്ചു. 1960ൽ കേരള മുനിസിപ്പാലിറ്റി ആക്ടും 1961ൽ കേരള മുനിസിപ്പൽ കോർപ്പറേഷൻ ആക്ടും നിലവിൽ വന്നു. തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിനുമാത്രമായി 1961ൽ തന്നെ ട്രിവാൻട്രം സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റ് രൂപീകരിക്കുകയുണ്ടായി. 1962ൽ മുനിസിപ്പാലിറ്റികളുടെ ഭരണത്തിനുമാത്രമായി പ്രത്യേക വകുപ്പ് രൂപീകരിക്കുകയുണ്ടായി.

കോർപ്പറേഷനുകളുടെ ഭരണം ഗവൺമെന്റ് നേരിട്ട് നടത്തിയിരുന്നു. എന്നാൽ 1980ൽ കോർപ്പറേഷനുകളുടെ ഭരണ നിയന്ത്രണം കൂടി മുനിസിപ്പൽ ഡയറക്ടർക്ക് നൽകുകയുണ്ടായി. 2002ൽ വകുപ്പിന്റെ പേര് നഗരകാര്യ വകുപ്പ് എന്നാക്കി മാറ്റി.


1992-ലെ ഭരണഘടനാ ഭേദഗതിയനുസരിച്ച് നഗരപാലികാ നിയമങ്ങൾക്ക് രൂപം നല്കിയതിലൂടെ നഗരസഭകൾക്ക് കൂടുതൽ അധികാരം ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 1994ൽ കേരള നിയമസഭ മുനിസിപ്പൽ നിയമം പാസ്സാക്കി. കേരള നിയമനിർമ്മാണ സഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വകുപ്പുകൾ ഉള്ള ബില്ല് (575 വകുപ്പുകൾ) 1994ലെ കേരള മുനിസിപ്പാലിറ്റി ബില്ല് ആണ്.

അധികാരവികേന്ദ്രീകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എസ്സ്.ബി.സെൻ ചെയർമാനായി അധികാര വികേന്ദ്രീകരണ കമ്മിറ്റിയെ ഗവൺമെന്റ് നിയോഗിച്ചു. കമ്മിറ്റിയുടെ സുപ്രധാനമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 1999ൽ മുനിസിപ്പൽ ആക്റ്റിൽ വലിയതോതിൽ മാറ്റങ്ങൾ വരുത്തുകയുണ്ടായി. ഇതനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ അധികാരമുള്ള നഗരസഭകളായി കേരളത്തിലെ നഗരസഭകൾ മാറി. അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണവും കേരളത്തിലെ നഗരങ്ങളിൽ വലിയ മാറ്റമുണ്ടാക്കി. 2000, 2001 വർഷങ്ങളിൽ നടത്തിയ നിയമ നിർമ്മാണങ്ങളും ശ്രദ്ധേയമാണ്. വിപുലമായ അധികാരങ്ങളും ശക്തമായ ഭരണസംവിധാനവും സാമ്പത്തിക ആസൂത്രണാധികാരവും ലഭിച്ചതോടെ നഗരസഭകൾ വികസനകേന്ദ്രങ്ങളായി മാറുകയുണ്ടായി.

□

*ലേഖകൻ കേരളാ ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ കൺസൾട്ടന്റാണ്*

വിജയഗാഥ



# കോട്ടയം: നാട്ടുചന്തകളുടെ നാട്

■എ.ജെ. അലക്സ് റോയ്

**കോട്ടയത്തിന്റെ ഈ കർഷകപക്ഷ  വിപണികൾ ശരിയായി നടത്തുന്നതിന് കൃഷിവകുപ്പും ത്രിതല പഞ്ചായത്തുകളും നൽകുന്ന പിന്തുണ ചെറുതല്ലാത്തതാണ്. കോട്ടയത്തിന്റെ നേരിന്റെ ഈ വിപണി മാതൃക കേരളമാകെ പടരുന്ന കാലം വിദൂരമല്ല.**

നാട്ടുചന്തകൾ പഴമയുടെ, പെരുമയുടെ, ഒരുമയുടെ പ്രതീകങ്ങളാണ്. കോട്ടയം ജില്ലയിൽ 2008 ലാണ് നാട്ടുചന്തയുടെ പുതുരൂപമെന്ന നിലയ്ക്ക് മുണ്ടക്കയത്ത് മുണ്ടക്കയം ഫാർമേഴ്സ് ഓപ്പൺ മാർക്കറ്റ് (M Form) രൂപപ്പെടുന്നത്.

കൃഷിവകുപ്പ്, ത്രിതല പഞ്ചായത്തുകൾ, കർഷക കൂട്ടായ്മകൾ എന്നിവയുടെ ഒത്തൊരുമയിലാണ് ഈ പുതുവിപണന ഇടത്തിന് തുടക്കമാകുന്നത്. സ്ഥലം കണ്ടെത്തുന്നതിലും മുടക്കുമുതൽ ഒരുക്കുന്നതിലുമൊക്കെ കൃഷിവകുപ്പും ജനപ്രതിനിധികളും ഒത്തൊരുമിച്ച് പ്രവർത്തിച്ചതിന്റെ ഉത്തമ മാതൃക ഇവിടെ കാണാനാകും.

തുടർന്ന് മുണ്ടക്കയം ഉൾപ്പെടുന്ന കാഞ്ഞിരപ്പള്ളി ബ്ലോക്കിലെ കൂട്ടിക്കൽ, കോരുത്തോട്, മണിമല, കാഞ്ഞിരപ്പള്ളിയിലെ കാളകെട്ടി, ഞള്ളമറ്റം, തമ്പലക്കാട് എന്നിവിടങ്ങളിലും പാറത്തോട്, എരുമേലി ഗ്രാമപഞ്ചായത്തുകളിലും ഇത്തരം കർഷകപക്ഷ വിപണികൾ യാഥാർത്ഥ്യമായി. കാഞ്ഞിരപ്പള്ളിയുടെ 'ആത്മ' കർഷക ഗ്രൂപ്പുകളുടെ കൂട്ടായ്മയായ 'ഗ്രീൻഷോർ' കാഞ്ഞിരപ്പള്ളിയിലും എരുമേലിയിലും സുശക്തമായ കർഷകപക്ഷ വിപണിയാണ് ഒരുക്കിയിട്ടുള്ളത്.

വിപണിയിൽ കർഷക പക്ഷത്തുനിന്നുള്ള ഇടപെടൽ എന്നതാണ് ഇത്തരം വിപണികൾ സ്വീകരിച്ച ആപ്തവാക്യം. കൃഷിവകുപ്പ്, ത്രിതല പഞ്ചായത്തുകൾ, കർഷക കൂട്ടായ്മകൾ, കുടുംബശ്രീ എന്നിങ്ങനെ കർഷകനെയും പൊതുസമൂഹത്തെയും ശരിയായി പരിഗണിക്കുന്ന എല്ലാവരും ഇത്തരം വിപണികളുടെ രൂപീകരണത്തിനും നടത്തിപ്പിനുമായി ഒത്തുചേർന്നു.

## സുതാര്യം – സുശക്തം

ഗ്രാമപഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങൾക്കും പ്രാതിനിധ്യം കിട്ടുന്ന തരത്തിൽ



വാർഡുതല കർഷക സഭകളും വാർഡ് കാർഷിക വികസന സഭകളും ചേർന്ന് പ്രതിനിധികളെ കണ്ടെത്തി കുടുംബശ്രീ, ജനപ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തത്തോടെ സുശക്തമായ കമ്മറ്റികൾ രൂപീകരിച്ചായിരുന്നു തുടക്കം.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും കൃഷി ആഫീസർ കൺവീനറായും കർഷകപക്ഷ വിപണികൾക്ക് ആധികാരികത പകർന്നു.

## കാന്താരി മുതൽ കറവപ്പശു വരെ

കാന്താരി മുതൽ കറവപ്പശുവിനെ വരെ ശരിയായി കൈമാറ്റം ചെയ്യുന്നതിനുള്ള വേദികളായി നാട്ടുചന്തകൾ. പരസ്യ ലേല സമ്പ്രദായമാണ് സ്വീകരിച്ചത്. വിഷരഹിത വിളകൾ തേടിയുള്ള നാട്ടുകാരുടെ വരവ് കൂടിയപ്പോൾ റീട്ടെയിൽ കൗണ്ടറുകളും തുറന്നു. നാട്ടുചന്ത പ്രവർത്തകർ പൂർണ്ണമായും സന്നദ്ധ പ്രവർത്തനമായാണ് ആഴ്ചകളിലെ ഈ നാട്ടുചന്തയുടെ സംഘാടനം ഒരുക്കുന്നത്. പ്രാഥമിക ചെലവുകളിലേക്കുള്ള തുക, കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുക്കളുടെ വില്പന വിലയിൽ നിന്നും ഈടാക്കുകയാണ് പതിവ്.

## കൃത്യം – വ്യക്തം

സമൂഹം മാനിക്കുന്ന കർഷക സന്നദ്ധ പ്രവർത്തകരാണ് വിപണി പ്രവർത്തകരായി വർത്തിക്കുന്നത്. അതുകൊണ്ട് തന്നെ ഇടപാടുകളെല്ലാം കൃത്യവും വ്യക്തവുമാണ്. ഈ ആഴ്ചയിലെ വില്പനയുടെ തുക അടുത്തയാഴ്ച കൃത്യമായും കർഷകന്റെ കൈകളിലെത്തുമെന്നതാണ് സത്യമായ കാര്യം.

കച്ചവടക്കാരും ഒത്തൊരുമയുള്ള ഈ കർഷക കൂട്ടായ്മയുടെ ഒപ്പം ചേരുന്നതിനാൽ തുക കൃത്യമായും നൽകുവാൻ കഴിയുന്നുവെന്നതാണ് ഇത്തരം വിപണികളെ പ്രിയതരമാക്കുന്നത്.

## വാഴൂരിന്റെ നേരങ്ങാടി

കാഞ്ഞിരപ്പള്ളി ബ്ലോക്കിലെ ഈ കർഷകപക്ഷ വിപണി മാതൃകയറിഞ്ഞ വാഴൂർ ബ്ലോക്ക് പഞ്ചായത്ത് 2017ൽ ബ്ലോക്ക് പരിധിയിലെ വാഴൂർ, ചിറക്കടവ്, വെള്ളാവൂർ, നെടുങ്കുന്നം, കറുകച്ചാൽ, കങ്ങഴ എന്നിങ്ങനെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നാട്ടുചന്ത ഒരുക്കി.

വാഴൂരിൽ തിങ്കളാഴ്ചകളിൽ ആഴ്ചചന്തയിൽ തുടങ്ങി കറുകച്ചാലിൽ ശനിയാഴ്ചയുമെന്ന തരത്തിൽ ആഴ്ചയിലെ ആറു ദിവസവും നാട്ടുചന്തകൾ പ്രവർത്തിക്കുന്ന തരത്തിലുള്ള സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. വാഴൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നേരായി കാര്യങ്ങൾ നടക്കുന്ന അങ്ങാടികളുള്ള ഇടം എന്ന നിലയ്ക്ക് നേരങ്ങാടി ബ്ലോക്കായി കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.

## പാമ്പാടിയിലും പാലായിലും ചന്ത

പാമ്പാടി ബ്ലോക്കിലെ കൂരോപ്പട വിപണി കർഷക പങ്കാളിത്തത്താൽ ശ്രദ്ധേയമാണ്. പാമ്പാടി, അയർക്കുന്നം, മണർകാട്, തൊട്ടടുത്ത് ചങ്ങനാശേരിയിലെ മാടപ്പള്ളി, എലിക്കുളത്തെ പ്ലാൻകോസ്, പൂഞ്ഞാർ തെക്കേക്കരയിലെ നാട്ടുചന്ത ഇവയെല്ലാം കാർഷികോത്പന്നങ്ങളുടെ വൈവിധ്യംകൊണ്ട് സമൃദ്ധമാണ്.

എലിക്കുളം ഗ്രാമപഞ്ചായത്തിലെ തളിർ പച്ചക്കറി ഉത്പാദകസംഘം കുരുവിക്കൂട് കേന്ദ്രമാക്കി നടത്തുന്ന എലിക്കുളം നാട്ടുചന്തയുടെ മാതൃക പകർത്തി. പാലാ നഗരസഭയും ഈ ഡിസംബറിൽ കർഷകപക്ഷ വിപണി യാഥാർത്ഥ്യമാക്കുകയാണ്.

## ഇക്കോ ഷോപ്പുകളും ആഴ്ച ചന്തകളും

കുടുംബശ്രീയുമായി സഹകരിച്ച് കൃഷിവകുപ്പ് നടത്തുന്ന ആഴ്ച ചന്തകളും ഇക്കോ ഷോപ്പുകളും വി.എഫ്.പി.സി.കെ.യുടെ വിപണികളും നാട്ടുചന്തകൾക്കൊപ്പം വിഷരഹിത ഉത്പന്നങ്ങളുടെ ശരിയായ കൈമാറ്റം സാധ്യമാക്കുന്നു. കേരളത്തിലെ ഇക്കോഷോപ്പുകൾക്ക് മാതൃകയായ എലിക്കുളം ഗ്രാമപഞ്ചായത്തിലെ കുരാലിയിൽ പ്രവർത്തിക്കുന്ന 'ഫെയ്സ്' കോട്ടയത്തിന്റെ നാട്ടുചന്ത പെരുമയ്ക്ക് മികവ് കൂട്ടുന്നു.

## ഹരിതമൈത്രിയും സംഘമൈത്രിയും

കുറുപ്പന്തറ കേന്ദ്രമാക്കി കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സംഘമൈത്രി കാർഷിക വിപണി കോട്ടയത്തിന്റെ നാട്ടുചന്ത ചിന്തകൾക്ക് പൊലിവേകുന്നു. ഹരിതമൈത്രി കേരളമെന്ന നാട്ടുചന്തകളുടെ ഒത്തുചേർന്നുള്ള സംഘരൂപം ഈ കർഷകപക്ഷ വിപണികൾക്ക് പുതുദിശയാണ് പകരുന്നത്.

കോട്ടയത്തിന്റെ ഈ കർഷകപക്ഷ വിപണികൾ ശരിയായി നടത്തുന്നതിന് കൃഷിവകുപ്പും ത്രിതല പഞ്ചായത്തുകളും നൽകുന്ന പിന്തുണ ചെറുതല്ലാത്തതാണ്. കോട്ടയത്തിന്റെ നേരിന്റെ ഈ വിപണി മാതൃക കേരളമാകെ പടരുന്ന കാലം വിദൂരമല്ല.

□

*ലേഖകൻ എലിക്കുളം കൃഷിഭവനിൽ അസിസ്റ്റന്റ് കൃഷി ഓഫീസറാണ്.*

സാമൂഹ്യസുരക്ഷ



# രാജകുമാരന്മാരെപ്പോലെ......

■പി.കെ. മൊയ്തു

മാതൃകാ പ്രവർത്തനങ്ങളുമായി ഒരു ബഡ്സ് സ്പെഷ്യൽ സ്കൂൾ ജനശ്രദ്ധ ആകർഷിക്കുന്നു. എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളാണ് ശ്രദ്ധേയമായ വളർച്ചയുടെ പടവുകൾ താണ്ടി മുന്നേറുന്നത്. കോതമംഗലം നഗരത്തിൽ നിന്ന് പത്ത് കിലോമീറ്റർ തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന പല്ലാരിമംഗലത്തിന്റെ തിലകക്കുറിയായി മാറിയ ഈ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ട് പതിനാറ് വർഷം പിന്നിടുകയാണ് .

വർഷങ്ങൾക്കു മുൻപ് മാവുടി ഗവണ്മെന്റ് സ്കൂളിന്റെ ഒരു ക്ലാസ്സ്മുറിയിൽ വളരെ പരിമിതമായ സാഹചര്യങ്ങളിൽ ആറു കുട്ടികളുമായി തുടങ്ങിയ ഈ സ്കൂൾ പിന്നീട് പൈമറ്റം മഹിളാസമാജം കെട്ടിടത്തിലേക്കും അവിടെ നിന്നു അടിവാട് ദേശീയ വായനശാലയിലേക്കും തുടർന്നു വെള്ളാരമറ്റം കേന്ദ്രമായി സ്വന്തം കെട്ടിടത്തിലേക്കും മാറുകയാണുണ്ടായത്. 2010 ൽ കുടുംബശ്രീ ജില്ലാ മിഷൻ മുഖേന ലഭിച്ച സർക്കാർ വാഹനത്തിന്റെ സൗകര്യം കൂടി ആയതോടെ സമീപ പഞ്ചായത്തുകളിലെ കുട്ടികൾകൂടി സ്കൂളിലേക്കു എത്താൻ തുടങ്ങി.

2012 ൽ പഞ്ചായത്ത് വക സ്ഥലത്തു സ്വന്തമായി പണിതുയർത്തിയ കെട്ടിടത്തിൽ ബഡ്സ് സ്കൂൾ പ്രവർത്തനം പുതിയൊരു തിളക്കത്തിലേക്ക് പ്രവേശിച്ചു. പല്ലാരിമംഗലം പഞ്ചായത്തിന് പുറമെ വാരപ്പെട്ടി, പോത്താനിക്കാട്, കവളങ്ങാട്,പൈങ്ങോട്ടൂർ, വണ്ണപ്പുറം എന്നീ പഞ്ചായത്തുകളിൽ നിന്നായി ആകെ 60 ൽ ഏറെ കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. ഏർലി ഇന്റെർവെൻഷൻ തുടങ്ങി പ്രീവൊക്കേഷണൽ ക്ലാസുകൾ വരെയുള്ള പ്രവർത്തനങ്ങൾക്കു പുറമെ പതിനെട്ടു വയസുള്ള കുട്ടികൾ വരുമാനദായക പ്രവൃത്തികളായ മെഴുകുതിരി നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, കരകൗശല വസ്തുക്കൾ നിർമ്മാണം, തയ്യൽ തുടങ്ങിയവയും ചെയ്തു വരുന്നു. ബുക്ക് ബൈൻഡിങ് യൂണിറ്റ് കുട്ടികൾക്കായി സജ്ജമായി വരികയാണ്. എടുത്തു പറയേണ്ട സവിശേഷത സ്കൂൾ കോമ്പൗണ്ടിലും മട്ടുപ്പാവിലും കുട്ടികൾ ചെയ്തു വരുന്ന ജൈവ പച്ചക്കറി കൃഷി ആണ്. ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സ്കൂൾ ആവശ്യത്തിനു ഉപയോഗിച്ചതിനു ശേഷം കുട്ടികൾക്കും സൗജന്യമായി നൽകുന്നുണ്ട്.

2016-17 അദ്ധ്യയന വർഷം മുതൽ SCERT യുടെ സിലബസ് അനുസരിച്ചാണ് പഠനം. മികവുറ്റ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലൂടെ നിരവധി നേട്ടങ്ങൾ ഈ സ്ഥാപനം കൈവരിച്ചിട്ടുണ്ട്. ബഡ്സ് സ്കൂൾ കലോത്സവത്തിൽ റണ്ണർ അപ്പ് കിരീടം നേടാനും സ്പെഷ്യൽ ഒളിംപിക്സിൽ 7 സ്വർണവും 5 വെള്ളിയും 3 വെങ്കലവും അടക്കം മികച്ച നേട്ടം കൊയ്യുവാനും സാധിച്ചു. കൂടാതെ ജില്ലയിൽ സാമൂഹ്യ സേവന രംഗത്തു മികവ് പുലർത്തിയ സ്ഥാപനത്തിനുള്ള പി.എം. ഹനീഫ് സ്മാരക ട്രോഫിയും സ്കൂളിന് ലഭിച്ചു. ജില്ലയിലെ ബഡ്സ് സ്ഥാപനങ്ങളിൽ മാതൃകാ സ്കൂൾ എന്ന സ്ഥാനവും നേടാനായി.

വളരെ തുച്ഛമായ പ്രതിഫലത്തിൽ നിന്നാണ് ബഡ്സ് സ്കൂൾ പ്രവർത്തകർ മുന്നേറിയത്. പ്രതിഫലത്തേക്കാൾ അർപ്പണബോധം പ്രകടിപ്പിച്ച ഒരു കൂട്ടം ജീവനക്കാരും അവർക്കു ഏറെ കൈത്താങ്ങായ സന്നദ്ധ പ്രവർത്തകരും ഈ സ്കൂളിന്റെ നേട്ടത്തിന് പിന്നിലുണ്ട്. പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്, സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകി വരുന്നു.

പഴയ സോവിയറ്റ് യൂണിയനിലെ കുട്ടികളെക്കുറിച്ച് ലെനിൻ വിദേശ പത്രലേഖകർക്ക് നൽകിയ മറുപടിയിൽ തന്റെ നാട്ടിലെ കുട്ടികൾ രാജകുമാരന്മാരെയും രാജകുമാരിമാരെയും പോലെ ആനന്ദിച്ച് ജീവിക്കുന്നുവെന്നു പറയുന്നുണ്ട്. നമ്മുടെ നാട്ടിലെ ഭിന്നശേഷിക്കാരായ കുട്ടികൾ ഇതുപോലെ ആനന്ദിച്ച് വളരണമെന്നാണ് സർക്കാരും പഞ്ചായത്തുകളും ആഗ്രഹിക്കുന്നത്. അപ്രകാരം വളർന്നു വരുന്നതിനുവേണ്ടി ഈ മാലാഖകുഞ്ഞുങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തു പഞ്ചായത്ത് ഈ സ്കൂളിനെ ഒരു ദേവാലയം പോലെ കാത്തു പരിപാലിക്കുന്നു.

*ലേഖകൻ പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.*



വിജയഗാഥ

# ബാലസൗഹൃദ തദ്ദേശഭരണം: പ്രഥമ ദേശീയ പുരസ്കാരം കോലഴി പഞ്ചായത്തിന്

ബാലസൗഹൃദ പഞ്ചായത്തിനുള്ള ആദ്യത്തെ ദേശീയ അംഗീകാരം കോലഴി ഗ്രാമപഞ്ചായത്തിന് ലഭിച്ചു. സാമൂഹ്യ വികസനത്തിന്റെ അടിസ്ഥാന ഘടകം കുട്ടികളുടെ വളർച്ചയും വികസനത്തിനും ആരോഗ്യദായകമായ അന്തരീക്ഷം സൃഷ്ടിക്കുക എന്ന വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് പ്രചോദനമേകുന്നതിനായി രൂപകല്പന ചെയ്തിട്ടുള്ളതാണ് ബാലസൗഹൃദ പഞ്ചായത്ത് പുരസ്കാരം. 2017-18 വർഷത്തെ പ്രവർത്തന മികവിനാണ് കോലഴി ഗ്രാമപഞ്ചായത്ത് ഒന്നാം സ്ഥാനത്തേക്ക് തെരെഞ്ഞെടുക്കപ്പെട്ടത്. യൂണിസെഫിന്റെ സഹകരണത്തോടെ കിലയിൽ പ്രവർത്തിക്കുന്ന ചൈൽഡ് റിസോഴ്സ് സെന്ററിൽ (സി.ആർ.സി) ബാല സൗഹൃദ തദ്ദേശ ഭരണം എന്ന ആശയത്തിന് തുടക്കം കുറിച്ചത് 2016 ലാണ്. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, കില അസോസിയേറ്റ് പ്രൊഫസറും സി.ആർ.സി. അദ്ധ്യക്ഷനുമായ ഡോ. പീറ്റർ എം. രാജ്, ഫാക്കൽറ്റികളായ. കാളിദാസൻ, ഭാസ്കരൻ പള്ളിക്കര , ടി എസ് സജീവൻ തുടങ്ങിയവരുടെ മാർഗ്ഗനിർദ്ദേശത്തിലായിരുന്ന കാര്യക്രമം.

ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്യുന്ന കുട്ടികളുടെ അവകാശങ്ങളായ അതിജീവനം, സംരക്ഷണം, പങ്കാളിത്തം, വികസനം എന്നിവയിലൂന്നിയാണ് കർമ്മ പരിപാടി ഏറ്റെടുത്തത്. കുട്ടികളുടെ ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പിലേക്കുള്ള അവരുടെ നാമനിർദ്ദേശം, വികസന സെമിനാറിലെ പങ്കാളിത്തം , ബാലപാർലമെന്റ്, ബാലസഭ ശാക്തീകരണം, അങ്കണവാടികളിൽ ബാലമേള, ട്രാഫിക് ബോധവല്ക്കരണം, ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡൻസ് പോലീസ് കേഡറ്റ്, പരിസ്ഥിതി സംരക്ഷ ണം, ഹരിത വിദ്യാലയം എന്നിങ്ങനെ വൈവിധ്യവും വൈപുല്യവുമാർന്ന പരിപാടികൾ, അങ്കണവാടികളുടെ നവീകരണം, ഫ്രണ്ട് ഓഫീസിൽ മുലയൂട്ടൽ മുറി, കുറ്റൂർ ഗവ. എൽ. പി. സ്കൂളിൽ സ്മാർട്ട് ക്ലാസ്സ്റൂം, ഗണിത ലാബ്, ജൈവവൈവിധ്യ ഉദ്യാനം, കുറ്റൂർ ഗവ. ചന്ദ്രമെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ നക്ഷത്ര വനം, ജൈവ വൈവിധ്യ പാർക്ക്, 12 സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിങ്ങനെ പട്ടിക നീളുന്നു. 49 ബാലസഭകളിലായി 977 അംഗങ്ങൾ നിലവിലുണ്ട്.

ഭിന്നശേഷിക്കാർക്കും കുട്ടികൾക്കുമായുള്ള നിർബന്ധിത വകയിരുത്തൽ പദ്ധതി വിഹിതത്തിന്റെ 5 ശതമാനം ആണെങ്കിലും 2016-17 ൽ 35 ശതമാനവും (52,70,351രൂപ) 2017-18ൽ 38 ശതമാനവും (72,88,000രൂപ), 2018-19ൽ 42 ശതമാനവും (56,18,000രൂപ), 2019-20 വർഷത്തേക്ക് 46.9 ശതമാനവും ആണ് പഞ്ചായത്ത് നീക്കിവെച്ചത്.

ഇതിനുപുറമെ സ്പോൺസർഷിപ്പിലൂടെയും സന്നദ്ധപ്രവർത്തനത്തിലൂടെയുമാണ് പഞ്ചായത്ത് പദ്ധതികൾക്കായി ആവശ്യമുള്ള തുക പൂർണ്ണമായും സ്വരൂപിക്കുന്നത്. കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങളെ കുറിച്ച് അറിയാനും പ്രതിരോധ നടപടി സ്വീകരിക്കാനും ക്രൈം മാപ്പിംഗ്, വാടികളുടെ സൗന്ദര്യവല്ക്കരണം, പഞ്ചായത്ത് ലൈബ്രറി ചിട്ടപ്പെടുത്തി ബാലസൗഹൃദവും ആകർഷവുമാക്കൽ തുടങ്ങിയവ പ്രാവർത്തികമാക്കിയത് തൃശ്ശൂർ സെന്റ് മേരീസ് കോളേജിലെ എം.എസ്.ഡബ്ല്യു., ബി.എസ്.ഡബ്ല്യൂ, എൻ.എസ്.എസ്. വിദ്യാർത്ഥിനികൾ, അംഗനവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരാണ്. കോലഴി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജെസ്സി ലോനപ്പൻ, കില റിസോഴ്സ് പേഴ്സൺ വി.കെ. ശ്രീധരൻ എന്നിവരുടെ സംഘാടനവും ഏകോപനവുമാണ് ഈ ദേശീയ പുരസ്കാരം ലഭിക്കുന്നതിന് സഹായകമായത്. □

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

# കില ന്യൂസ്




*കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച് കിലയിൽ സംഘടിപ്പിച്ച ദേശീയ ശില്പശാലയിൽ കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തുന്നു.*

## കിലയിൽ ദ്വിദിന ദേശീയ ശില്പശാല: കാലാവസ്ഥാവ്യതിയാനം നേരിടാൻ ഗ്രാമപഞ്ചായത്തുകൾക്കു കർമ്മപദ്ധതി

കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന ആഘാതങ്ങൾ ലഘൂകരിക്കുന്നതിനു ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ കർമ്മ പദ്ധതികൾക്കു അന്തിമരൂപം നൽകാൻ കിലയിൽ രണ്ടുദിവസ ത്തെ ദേശീയ ശില്പശാല സംഘടിപ്പിച്ചു. ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫ. എൻ.എച്ച്. രവീന്ദ്രനാഥിന്റെ മുഖ്യപ്രഭാഷണത്തോടെയായിരുന്നു ശില്പശാലയുടെ തുടക്കം. കാലാവസ്ഥാവ്യതിയാനം മൂലം രാജ്യത്ത് മഴയും ചൂടും കൂടുമെന്ന് അദ്ദേഹം പറഞ്ഞു. ഇതുമൂലമുണ്ടാകുന്ന ദുരിതങ്ങളേറെയും ബാധിക്കുന്നതു സാധാരണ ജനങ്ങളെയാണ്. രാഷ്ട്രങ്ങളുടെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി. അമേരിക്ക പോലെയുള്ള വൻകിട രാഷ്ട്രങ്ങൾക്കു പിടിച്ചു നിൽക്കാനാകുമെങ്കിലും ഇന്ത്യയെപ്പോലുള്ള രാജ്യങ്ങൾക്കു ഏറേ ക്ലേശിക്കേണ്ടിവരുമെന്നും അദ്ദേഹം വ്യക്തമാക്കി.

പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, ജൈവവൈവിധ്യം എന്നീ വിഷയങ്ങളിൽ പഞ്ചായത്തു തലത്തിൽ വിദഗ്ദ്ധ ടീമിനെ തയ്യാറാക്കി മൂന്നു ഘട്ടങ്ങളിലൂടെയുള്ള പഠന പരമ്പരയിലൂടെ വാർത്തെടുത്ത ആഘാത ലഘൂകരണ പദ്ധതികൾക്കു കിലയാണ് നേതൃത്വം നൽകിയത്. സംസ്ഥാനത്തെ പന്ത്രണ്ട് ഗ്രാമപഞ്ചായത്തുകളാണ് കാലാവസ്ഥാവ്യതിയാനത്തെ നേരിടാൻ പ്രാദേശിക തലത്തിൽ കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതികൾ തയ്യാറാക്കുന്നതിനുപയോഗിച്ച രീതിശാസ്ത്രം മെച്ചപ്പെടുത്തുകയും അതു പൂർണ്ണമാക്കുകയുമാണ് ശില്പശാലയുടെ ലക്ഷ്യം. പഞ്ചായത്തു തലത്തിൽ കർമ്മപദ്ധതി തയ്യാറാക്കുന്ന ആദ്യത്തെ സംസ്ഥാനമാണ് കേരളം.

കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ആമുഖാവതരണം നടത്തി. കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധർക്കു പുറമെ കർമ്മപദ്ധതി തയ്യാറാക്കിയ ഓരോ പഞ്ചായത്തിലെയും മൂന്നുപേർ വീതം ശില്പശാലയിൽ പങ്കെടുത്തു.

മുട്ടം, പെരുമ്പളം, കരിമ്പ, അട്ടപ്പാടി, മുപ്പെയ്നാട്, മാവൂർ, കുത്തന്നൂർ, വെള്ളിനേഴി, നെടുമ്പന, നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റുമാർ അവരവരുടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയ കർമ്മപദ്ധതികൾ അവതരിപ്പിച്ചു. കില വെബ്സൈറ്റിലും യൂട്യൂബ് ചാനലിലും ഫേസ് ബുക്ക് പേജിലും ശില്പശാലയുടെ തത്സമയ സംപ്രേഷണമുണ്ടായിരുന്നു.

## നേപ്പാൾസംഘം കില സന്ദർശിച്ചു

കേരളത്തിലെ പ്രാദേശികഭരണ സംവിധാനത്തെക്കുറിച്ച് പഠിക്കാൻ നേപ്പാളിൽ നിന്നുള്ള പതിനാറംഗസംഘം കിലയിലെത്തി. നേപ്പാൾ പ്രവിശ്യാ ഗവൺമെന്റിലെ ജനപ്രതിനിധികൾ, കോർപ്പറേഷൻ ഡെപ്യൂട്ടി മേയർമാർ, ദേശിയ-സംസ്ഥാന തലത്തിലുള്ള ഉദ്യോഗസ്ഥർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. യു.എൻ.ഡി.പിയുടെ പ്രാദേശിക ഭരണകൂടങ്ങളുടെ ഉപദേശകനായ അനിൽ ചന്ദ്രിക സംഘത്തോടൊപ്പമുണ്ട്.



*നേപ്പാളിൽനിന്നെത്തിയ ജനപ്രതിനിധി-ഉദ്യോഗസ്ഥ സംഘത്തിനു സംഘടിപ്പിച്ച പരിശീലനപരിപാടി.*



*തദ്ദേശസ്വയംഭരണവകുപ്പിലെ എഞ്ചിനിയർമാർക്കും ഓവർസിയർമാർക്കും പരിശീലനം നൽകുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ദ്വിദിന ശില്പശാല.*

## തദ്ദേശസ്വയംഭരണവകുപ്പിലെ എഞ്ചിനിയർമാർക്കും ഓവർസിയർമാർക്കും പരിശീലനം

തദ്ദേശസ്വയംഭരണവകുപ്പിലെ എഞ്ചിനിയർമാർക്കും ഓവർസിയർമാർക്കും വിശദമായ പരിശീലനം നൽകുന്നതിന്റെ ഭാഗമായി കിലയിൽ ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. തദ്ദേശഭരണം, പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, നഗരാസൂത്രണം, പൊതുമരാമത്ത് ചട്ടങ്ങളും നിർവ്വഹണവും മാലിന്യപരിപാലനം, കെട്ടിടനിർമ്മാണ ചട്ടങ്ങൾ, കേരള സർവ്വീസ് റൂൾസ്, നഗരാസൂത്രണം, ഓഡിറ്റ്, സദ്ഭരണം തുടങ്ങിയ വിഷയങ്ങളിലായിരിക്കും മൂന്നുദിവസം നീണ്ടുനിൽക്കുന്ന ആദ്യഘട്ട പരിശീലനം.

രണ്ടാംഘട്ടത്തിൽ പത്തുദിവസത്തെ സാങ്കേതിക പരിശീലനം നൽകും. പരിശീലനത്തിനാവശ്യമായ കൈപ്പുസ്തകം, മൊഡ്യൂൾ തുടങ്ങിയവ തയ്യാറാക്കിപരിശീലനം തുടങ്ങുന്നതിനു തീരുമാനിച്ചു. യു.എൽ.സി.സി.എസിലെ വിദഗ്ധർ, കിലയിലെ റിസോഴ്സ് പേഴ്സൺസ് എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്.

## തദ്ദേശസ്വയംഭരണ വകുപ്പിലെ ഡ്രൈവർമാർക്കു പരിശീലനം

തദ്ദേശസ്വയംഭരണ വകുപ്പിലെ ഡ്രൈവർമാരുടെ സ്കിൽ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പരിശീലനപരിപാടിക്കു കിലയിൽ തുടക്കം കുറിച്ചു. ആദ്യമായാണ് ഇത്തരമൊരു പരിശീലനത്തിനു കില നേതൃത്വം നൽകുന്നത്. എടപ്പാളിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ചിന്റെ (ഐ.ഡി.ടി.ആർ) സാങ്കേതിക സഹായത്തോടെയാണ് പരിശീലനം. ഉദ്ഘാടനചടങ്ങിൽ പഞ്ചായത്ത് അഡീഷ്ണൽ ഡയറക്ടർ എം.പി. അജിത്കുമാർ, ഐ.ഡി.ടി.ആർ ജോയിന്റ് ഡയറക്ടർ എം.എൻ. പ്രഭാകരൻ, കില അസി. ഡയറക്ടർ മാത്യു ആൻഡ്രൂസ്, ഡോ. വിനോദ് എന്നിവർ സംസാരിച്ചു. തദ്ദേശസ്വയംഭരണ വകുപ്പിലെ മുഴുവൻ ഡ്രൈവർമാർക്കും പരിശീലനം നൽകാനാണ് കിലയുടെ ലക്ഷ്യം.

## മൃഗസംരക്ഷണവകുപ്പിലെ സീനിയർ അസിസ്റ്റന്റ് ഡയറക്ടർമാർക്കു പരിശീലനം

മൃഗസംരക്ഷണ വകുപ്പിലെ സീനിയർ അസിസ്റ്റന്റ് ഡയറക്ടർമാർക്കു കിലയിൽ അഞ്ചുദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ മൃഗസംരക്ഷണവകുപ്പ് നടത്തുന്ന മൂന്നുമാസത്തെ പരിശീലനത്തിന്റെ ഭാഗമാണിത്. ഒക്ടോബർ 21ന് ആരംഭിച്ച പരിശീലനപരിപാടിയിൽ 14 ജില്ലകളിൽനിന്നുള്ള 25 പേർ പങ്കെടുത്തു.

## കിലയും എം.ജി സർവ്വകലാശാലയും ധാരണാപത്രത്തിൽ ഒപ്പിട്ടു

പ്രാദേശികഭരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പി.ജി. ഡിപ്ലോമ, ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രത്തിൽ കിലയും മഹാത്മാഗാന്ധി സർവ്വകലാശാലയും ഒപ്പുവച്ചു. കോട്ടയത്ത് വൈസ് ചാൻസലറുടെ ചേംബറിൽ വൈസ് ചാൻസലർ ഡോ. സാബു തോമസും കില ഡയറക്ടർ ഡോ. ജോയ് ഇളമണുമാണ് ധാരണാപത്രം ഒപ്പിട്ടത്.



*കിലയും മഹാത്മാഗാന്ധി സർവകലാശാലയും ഒപ്പിട്ട ധാരണാപത്രം കൈമാറുന്നു*

# വാർത്തകൾ വിശേഷങ്ങൾ

## കെട്ടിട നിർമ്മാണ പെർമിറ്റ്: വിവരങ്ങൾ വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ/ഒക്കുപ്പെൻസി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. 2019 ഡിസംബർ മാസം മുതൽ എല്ലാ നഗരസഭാ സെക്രട്ടറിമാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ/ഒക്കുപ്പെൻസി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ, അനുവദിച്ച് നൽകിയ കെട്ടിട നിർമ്മാണ പെർമിറ്റുകൾ/ഒക്കുപ്പെൻസി സർട്ടിഫിക്കറ്റുകൾ എന്നിവയുടെ സ്ഥിതി വിവരകണക്കുകൾ ഇതിനായി തയ്യാറാക്കിയ പ്രൊഫോർമയിൽ എല്ലാ മാസവും അവസാനത്തെ പ്രവൃത്തി ദിവസം തങ്ങളുടെ ഡിജിറ്റൽ സിഗ്നേച്ചർ സഹിതം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(സ.ഉ(സാധാ)നം 2837/2019/ത.സ്വ.ഭ.വ, തീയതി 12.12.2019)

## വിധവാ പെൻഷൻ: പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അർഹരായവർക്ക് മാത്രം വിധവാ പെൻഷൻ അനുവദിക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ നിലവിൽ വിധവാ പെൻഷൻ വാങ്ങുന്നവർക്കും ബാധകമാണെന്ന് വ്യക്തമാക്കി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

(സർക്കുലർ നമ്പർ 97/2019/ധന, തീയതി 11.12.2019)

## ടെണ്ടർ കൂടാതെ പ്രവൃത്തികൾ ചെയ്യാൻ അക്രഡിറ്റേഷൻ ഏജൻസികൾ

തദ്ദേശസ്ഥാപനങ്ങളുടെ പ്രവൃത്തികൾ ടെൻഡർ കൂടാതെ ഏറ്റെടുത്ത് ചെയ്യാൻ സഖി റിസോഴ്സ് സെന്റർ, കരകുളം ഗ്രാമീണ പഠനകേന്ദ്രം, റെയ്ഡ്കോ, ഇൻകെൽ, സെന്റർ ഫോർ സോഷ്യൽ റിസോഴ്സ് ഡവലപ്പ്മെന്റ്, സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസ് എന്നീ ഏജൻസികൾക്ക് അക്രഡിറ്റേഷൻ നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ(സാധാ)നം 2834/2019/ത.സ്വ.ഭ.വ, തീയതി 12.12.201)

## നീർച്ചാലുകളും കൈവഴികളും മാലിന്യമുക്തമാക്കുന്നതിന് തുക ചെലവഴിക്കുന്നതിന് അനുമതി

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നീർച്ചാലുകളുടെ പുനരുദ്ധാരണത്തിനായി പൊതുജന പങ്കാളിത്തത്തോടെ ശുചീകരണ പരിപാടി നടത്തുന്നതിനായി, മാലിന്യ സംസ്കരണത്തിനായി മാറ്റി വയ്ക്കപ്പെട്ടതും ചെലവഴിക്കപ്പെടാത്തതുമായ തുകയിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ഒരു ലക്ഷം രൂപ വരെ വിനിയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ(സാധാ)നം 2864/2019/ത.സ്വ.ഭ.വ, തീയതി 17.12.2019)

## തദ്ദേശസ്ഥാപനങ്ങൾ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹികാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിച്ചു. ഇതു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ദുരന്ത നിവാരണ പ്രതിരോധ പ്രവർത്തനങ്ങളും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും വർദ്ധിച്ച ജനപങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതാണ്. ഇതിനായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കേണ്ടതും പ്രസ്തുത പദ്ധതിയിൽ ദുരന്തപ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, ലഘൂകരണ വർക്കുകൾ ഉൾപ്പെടുത്തേണ്ടതാണ്.

(സ.ഉ(കൈ)നം 156/2019/ത.സ്വ.ഭ.വ, തീയതി 04.12.2019)

## 2020–21 വാർഷിക പദ്ധതി : മാർഗ്ഗനിർദേശങ്ങളും സമയക്രമവും പുറപ്പെടുവിച്ചു

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2020-21 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമങ്ങളും നിശ്ചയിച്ച് ഉത്തരവായി.

(സ.ഉ(കൈ)നം 157/2019/ത.സ്വ.ഭ.വ, തീയതി 05.12.2019)

## വ്യവസായ കെട്ടിടങ്ങൾ ഒരു പ്രത്യേക വിഭാഗമാക്കി വിജ്ഞാപനം ചെയ്തു

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് 2006 ലെ മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങളെ കൂടി ഒരു പ്രത്യേക വിഭാഗമായി ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചു.

(സ.ഉ(പി)നം 82/2019/ത.സ്വ.ഭ.വ, തീയതി 18.11.2019)

## വിദ്യാലയങ്ങളിൽ സുരക്ഷ ഒരുക്കാൻ നിർദ്ദേശം പുറപ്പെടുവിച്ചു

വയനായ് ജില്ലയിലെ സുൽത്താൻ ബത്തേരി സർവ്വജന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഷഹല ഷെറിൻ എന്ന വിദ്യാർത്ഥിനി പാമ്പ് കടിയേറ്റ് മരണമടഞ്ഞ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള മുഴുവൻ വിദ്യാലയങ്ങളിലും പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് അടിയന്തരമായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നമ്പർ ഡിഎ 1/361/2019/ത.സ്വ.ഭ.വ, തീയതി 23.11.2019)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.**




മികവിൻ ആദരം

# ദേശീയ അംഗീകാരം ഈ നേട്ടങ്ങൾക്ക്

ദേശീയ സംസ്ഥാന പുരസ്കാരങ്ങൾ സ്വന്തമാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങൾ കാഴ്ചവച്ചത് മാതൃകാപരമായ പ്രവർത്തനം.

രാജ്യത്തെ രണ്ടര ലക്ഷത്തോളം ഗ്രാമപഞ്ചായത്തുകളോട് മത്സരിച്ച് ഒന്നാമതെത്തിയാണ് പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് വികസന പദ്ധതി പുരസ്കാരം സ്വന്തമാക്കിയത്. വൃത്തി, വെള്ളം, വിളവ് എന്നീ മേഖലകളിൽ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് മികച്ച പ്രവർത്തനം കാഴ്ചവച്ചു. പള്ളങ്ങൾ, കാവുകൾ എന്നിവയടക്കം ജൈവവൈവിധ്യത്തിന്റെ കേന്ദ്രങ്ങൾ സംരക്ഷിച്ചും ജലവും മണ്ണും പരിപാലിച്ചും വികസനത്തിന് ഹരിത മുഖം നൽകിയാണ് കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് ദേശീയ ജല അവാർഡ് നേടിയെടുത്തത്.

ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്യുന്ന തരത്തിൽ കുട്ടികൾക്ക് അതിജീവനം, സംരക്ഷണം, പങ്കാളിത്തം, വികസനം എന്നിവ ഉറപ്പു വരുത്തുന്ന കർമ്മ പരിപാടിക്ക് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങളിലൂടെയാണ് കോലഴി ഗ്രാമപഞ്ചായത്ത് ബാല സൗഹൃദ ഗ്രാമ പഞ്ചായത്ത് അവാർഡ് കരസ്ഥമാക്കിയത്. കോലഴി ഗ്രാമപഞ്ചായത്തിലെ അമ്പതോളം ബാലസഭകളിലായി ആയിരത്തോളം സജീവ അംഗങ്ങളുണ്ട്.

ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാർ - 2019 ന് അർഹമായ തിരുവനന്തപുരം ജില്ലാപഞ്ചായത്ത്, നെടുമങ്ങാട്, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തുകൾ, മാറഞ്ചേരി, ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്തുകൾ, ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരവും നാനാജി ദേശ്മുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭ പുരസ്കാരവും കരസ്ഥമാക്കിയ തിരുനാവായ ഗ്രാമ പഞ്ചായത്ത് എന്നിവയും വേറിട്ട വികസന നേട്ടങ്ങളി



*പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് (കേന്ദ്ര ഗ്രാമപഞ്ചായത്ത് വികസന പദ്ധതി പുരസ്കാരം)*



*ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് (ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരം - 2019)*



*കാലടി ഗ്രാമപഞ്ചായത്ത് (സ്വച് ഐകണിക് പ്ലെയ്സ് പുരസ്കാരം - 2019)*

## മികവിൻ ആദരം

ലൂടെ ശ്രദ്ധ നേടിയവരാണ്. ഉത്പാദന രംഗത്ത്, വിശേഷിച്ച് കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും നടപ്പിലാക്കിയ നൂതനങ്ങളായ പ്രോജക്ടുകൾ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് അവാർഡ് നേടിക്കൊടുത്തു. 2,000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്ന ജില്ലാ പഞ്ചായത്തിന്റെ കേദാരം പദ്ധതി ശ്രദ്ധേയമാണ്.

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ നേട്ടങ്ങളിൽ എടുത്തു പറയേണ്ടതാണ്. കിള്ളിയാർ മിഷൻ. തണ്ണീർത്തട സംരക്ഷണത്തിന് ഇത്രയധികം സന്നദ്ധ പ്രവർത്തകരെ ഒരുമിച്ച് ഒരു ദിവസം രംഗത്തിറക്കിയ അനുഭവം കേരളത്തിൽ വേറെയില്ല. ജൈവകൃഷിക്ക് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് നൽകി വരുന്ന പ്രോത്സാഹനവും ശ്രദ്ധേയമാണ്. ആരോഗ്യം, ശുചിത്വം, കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധങ്ങളായ പദ്ധതികളും പറയാതെ പോകാനാവില്ല. മാറഞ്ചേരി പഞ്ചായത്തിന്റെ



മാറഞ്ചേരി ഗ്രാമപഞ്ചായത്ത് (ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരം - 2019)



ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് (ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരം - 2019)




പടിയൂർ-കല്യാട് ഗ്രാമപഞ്ചായത്ത് (സ്വച്ഛ് ഭാരത് പുരസ്കാരം - 2019)

പരിസ്ഥിതി സംരക്ഷണം, രോഗപ്രതിരോധവും രോഗീപരിചരണവും കാർഷിക വികസനം, വിദ്യാഭ്യാസ പുരോഗതി തുടങ്ങിയ രംഗങ്ങളിലെ പദ്ധതികൾ വേറിട്ടു നിൽക്കുന്നു. നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കാനും അത് വികസന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാനും ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിനു കഴിഞ്ഞു.

വികസനം മണ്ണിനും മനുഷ്യന്റെ ഭാവിക്കും വേണ്ടിയാവണം എന്ന് പ്രഖ്യാപിച്ച് ഭാവിയെ മുന്നിൽ കണ്ട് നടപ്പിലാക്കിയ പദ്ധതികളാണ് പടിയൂർ-കല്യാട് ഗ്രാമപഞ്ചായത്തിനെ സ്വച്ഛ് ഭാരത് പുരസ്കാരം - 2019 ന് അർഹമാക്കിയത്. ആരാമം പടിയൂർ പദ്ധതി പ്രത്യേക പരാമർശമർഹിക്കുന്നു. രണ്ട് ദേശീയ പുരസ്കാരങ്ങൾ ഒരുമിച്ച് കരസ്ഥമാക്കിയ തിരുനാവായ ഗ്രാമ പഞ്ചായത്തിന്റെ നേട്ടം വേറിട്ടതാണ്.

കേന്ദ്ര സർക്കാരിന്റെ സ്വച്ഛ് ഐകണിക് സ്ഥലങ്ങളുടെ പട്ടികയിൽ ആദിശങ്കരന്റെ ജന്മസ്ഥലമായ കാലടിയും ഉൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ശുചിത്വ പാലന - മാലിന്യ നിർമ്മാർജന പദ്ധതികളും നടത്തിയ ജനകീയ ഇടപെടലുകളുമാണ് കാലടിക്ക് അംഗീകാരം നേടിക്കൊടുത്തത്. വികസന രംഗത്തെ ഇടപെടലിന് മുഖ്യമന്ത്രിയുടെ പ്രത്യേക അവാർഡ് ലഭിച്ച ബുധനൂർ ഗ്രാമപഞ്ചായത്ത് നിരവധി പുരസ്കാരങ്ങൾ മുമ്പും നേടിയിട്ടുണ്ട്. മൂന്ന് പഞ്ചായത്തുകൾക്ക് ജീവജലം നൽകുന്ന കുട്ടംപേരൂർ ആറിന് പുനർജനി നൽകിയ ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ നേട്ടം ദേശീയ മാധ്യമങ്ങളിൽ അടക്കം ഇടം പിടിച്ചതാണ്.



കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് (ദേശീയ ജല പുരസ്കാരം - 2019)



തിരുനാവായ ഗ്രാമപഞ്ചായത്ത് (ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരവും നാനാജി ദേശ്മുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭ പുരസ്കാരവും)



ബുധനൂർ ഗ്രാമപഞ്ചായത്ത് (വികസന രംഗത്തെ ഇടപെടലിന് മുഖ്യമന്ത്രിയുടെ പ്രത്യേക അവാർഡ്)



നെടുമങ്ങാട് ബ്ലോക്ക്പഞ്ചായത്ത് (ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരം - 2019)



*കോലഴി ഗ്രാമപഞ്ചായത്ത് (മികച്ച ബാലസൗഹൃദ പഞ്ചായത്ത് - 2019)*



*തിരുവനന്തപുരം ജില്ലാപഞ്ചായത്ത് (ദീൻ ദയാൽ ഉപാധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരം - 2019)*

# മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് പ്രഖ്യാപിച്ചു

## സംസ്ഥാനതലത്തിൽ കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്തിന് ഒന്നാം സ്ഥാനം

ഹരിതകേരളംമിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് പ്രഖ്യാപിച്ചു. ശുചിത്വ-മാലിന്യ സംസ്കരണം, കൃഷി, ജലസംരക്ഷണം, എന്നീ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് പുരസ്കാരം നൽകുന്നത്.

സംസ്ഥാനതലത്തിൽ കണ്ണൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്ത് ഒന്നാം സ്ഥാനം നേടി. ഫലകവും സാക്ഷ്യപത്രവും പത്ത് ലക്ഷം രൂപയുമാണ് പുരസ്ക്കാരമായി നൽകുക.

രണ്ടാം സ്ഥാനം കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തും മൂന്നാം സ്ഥാനം എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തും കരസ്ഥമാക്കി. രണ്ടാം സ്ഥാനക്കാർക്ക് ഏഴ് ലക്ഷം രൂപയും മൂന്നാം സ്ഥാനത്തിന് അഞ്ച് ലക്ഷം രൂപയും ഫലകവും സാക്ഷ്യപത്രവും ലഭിക്കും. ജില്ലാതലത്തിൽ വിജയിച്ചവർക്ക് ഫലകവും സാക്ഷ്യപത്രവും മൂന്ന് ലക്ഷം രൂപയുമാണ് പുരസ്ക്കാരമായി ലഭിക്കുക.

ജില്ലാതലത്തിൽ ബേഡഡുക്ക ഗ്രാമപഞ്ചായത്ത് (കാസർഗോഡ്), ചെറുതാഴം ഗ്രാമപഞ്ചായത്ത് (കണ്ണൂർ), മീനങ്ങാടി ഗ്രാമപഞ്ചായത്ത് (വയനാട്), ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് (കോഴിക്കോട്), മാറഞ്ചേരി ഗ്രാമപഞ്ചായത്ത് (മലപ്പുറം), അകത്തേത്തറ ഗ്രാമപഞ്ചായത്ത് (പാലക്കാട്), പഴയന്നൂർ ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ), രായമംഗലം ഗ്രാമപഞ്ചായത്ത് (എറണാകുളം), കുമിളി ഗ്രാമപഞ്ചായത്ത് (ഇടുക്കി), കുറോപ്പട ഗ്രാമപഞ്ചായത്ത് (കോട്ടയം), ആര്യാട് ഗ്രാമപഞ്ചായത്ത് (ആലപ്പുഴ), ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട), കുലശേഖരപുരം ഗ്രാമപഞ്ചായത്ത് (കൊല്ലം), ചെങ്കൽ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം) എന്നിവ ഒന്നാം സ്ഥാനത്തിനർഹരായി.

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പഴയന്നൂർ (തൃശ്ശൂർ) ഒന്നാം സ്ഥാനവും പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് (കണ്ണൂർ) രണ്ടും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് (തിരുവനന്തപുരം) മൂന്നാം സ്ഥാനവും നേടി.

മുനിസിപ്പാലിറ്റി വിഭാഗത്തിൽ പൊന്നാനി (മലപ്പുറം) ഒന്നാം സ്ഥാനവും വടകര (കോഴിക്കോട്) രണ്ടാം സ്ഥാനവും ആന്തൂർ (കണ്ണൂർ), കുന്നംകുളം (തൃശ്ശൂർ) മുനിസിപ്പിലാറ്റികൾ മൂന്നം സ്ഥാനം നേടി. കോർപ്പറേഷൻ വിഭാഗത്തിൽ തിരുവനന്തപുരം ഒന്നാം സ്ഥാനത്തിനർഹമായി.

തദ്ദേശസ്വയഭരണ സ്ഥപനങ്ങളിൽ 2018-19 കാലയളവിൽ നടത്തിയ ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളാണ് പുരസ്കാരങ്ങൾക്കായി വിലയിരുത്തിയത്. അവസാന റൗണ്ടിൽ 69 ഗ്രാമപഞ്ചായത്തുകളും 17 ബ്ലോക്ക് പഞ്ചായത്തുകളും 23 മുനിസിപ്പാലിറ്റികളും മൂന്ന് കോർപ്പറേഷനുകളും മത്സരിച്ചു. □




# സ്വച്ഛ് സർവേക്ഷൺ (ഗ്രാമീൺ) 2019 പുരസ്കാരം കേരളത്തിന്

■ഫിലിപ്പ് പി.ഡി.

രാജ്യത്തെ ഗ്രാമങ്ങളുടെ ശുചിത്വ നിലവാരം വിലയിരുത്തി കേന്ദ്ര ജലശക്തി മന്ത്രാലയം നൽകിയ സ്വച്ഛ് സർവ്വേക്ഷൺ (ഗ്രാമീൺ) 2019 പുരസ്കാരം കേരളത്തിന് ലഭിച്ചു. ലോക ടോയ്‌ലറ്റ് ദിനമായ നവംബർ 19 ന് ഡൽഹിയിൽ നടന്ന ചടങ്ങിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മീർ മുഹമ്മദ് അലി ഐ.എ.എസ് പുരസ്കാരം കേന്ദ്ര മന്ത്രി സദാനന്ദഗൗഡയിൽ നിന്നും ഏറ്റുവാങ്ങി. ദക്ഷിണമേഖലയിൽ മൂന്നാം സ്ഥാനമാണ് സംസ്ഥാനത്തിന് ലഭിച്ചത്.

ഗുണപരവും പ്രത്യക്ഷത്തിൽ അളന്ന് തിട്ടപ്പെടുത്താവുന്നതുമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ച ജില്ലകളെയും സംസ്ഥാനങ്ങളെയും അവരുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ജില്ലകൾ തമ്മിലും സംസ്ഥാനങ്ങൾ തമ്മിലും താരതമ്യം ചെയ്താണ് റാങ്ക് നിർണ്ണയിച്ചത്.

കേന്ദ്ര ജലശക്തി മന്ത്രാലയം ഏർപ്പെടുത്തിയ സ്വതന്ത്ര ഏജൻസിയാണ് റാങ്കിംഗ് നടത്തിയത്. സ്കൂളുകൾ, അംഗനവാടികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ചന്തകൾ, പൊതുനിരത്തുകൾ എന്നിവിടങ്ങളിൽ ശുചിത്വത്തിന്റെ കാര്യത്തിലുണ്ടായ പുരോഗതി സാമ്പിൾ സർവ്വേയിലൂടെയാണ് വിലയിരുത്തിയത്. പൊതുയിടങ്ങളിലെ ശുചിത്വം നേരിട്ട് നിരീക്ഷിച്ചും പ്രമുഖ വ്യക്തികളുടെയും പൊതുജനങ്ങളുടെയും പ്രതികരണം നേരിട്ടും സ്വച്ഛ് സർവ്വേക്ഷൻ ഗ്രാമീൺ 2019 മൊബൈൽ ആപ്പ് (എസ്.എസ്.ജി 2019) മുഖേനയും വിലയിരുത്തി.

2019 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലായി കേരളത്തിലെ 14 ജില്ലകളിലെ 377 വില്ലേജുകളിൽ നടത്തിയ സർവ്വേയിൽ ലഭിച്ച സ്കോറുകളുടെ അടിസ്ഥാനത്തിലാണ് കേരളത്തിന് അവാർഡ് ലഭിച്ചത്.

കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന മുഖേന നടത്തുന്ന വികേന്ദ്രീകൃതമാലിന്യ സംസ്കരണ പദ്ധതികൾ സംഘം നേരിട്ട് പരിശോധിച്ചിരുന്നു. വീടുകളിലെ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കുന്ന രീതികൾ, മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ, മാലിന്യങ്ങൾ സംസ്കരിക്കുന്ന ശീലങ്ങൾ എന്നിവ പ്രത്യേക പഠന വിഷയമായിരുന്നു.

കേരളത്തിൽ ഹരിതകർമ്മസേനകൾ മുഖേന ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നതിനായി സ്ഥാപിച്ച മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ, ബ്ലോക്ക് തലത്തിൽ സ്ഥാപിച്ചിരിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ എന്നിവ സംഘം നേരിട്ട് സന്ദർശിച്ചു.


ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന രീതിയും അജൈവമാലിന്യങ്ങൾ തരംതിരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്ന രീതികളും കേരളത്തിന്റെ പ്രത്യേകതകളാണ്. ഇവയ്ക്കൊക്കെ നേതൃത്വം നൽകുന്നത് അതാത് തദ്ദേശ ഭരണ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനകളാണ്. ഇത്തരം പ്രവർത്തനങ്ങൾ രാജ്യത്തിനു തന്നെ മാതൃകയാണെന്ന് വിലയിരുത്തൽ നടത്തിയ ഏജൻസി അഭിപ്രായപ്പെടുകയുണ്ടായി.

കേരളത്തിലെ സർക്കാർ ഓഫീസുകളിൽ നടപ്പിലാക്കി വരുന്ന ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ സംഘാംഗങ്ങൾ നേരിട്ട് വിലയിരുത്തുകയുണ്ടായി. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ഹരിതകർമ്മസേന സജീവമായി കൃത്യമായ ഇടവേളകളിൽ ഓരോ വീട്ടിൽ നിന്നും വൃത്തിയുള്ള അജൈവമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുകയും അവ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ നിന്നും വേർതിരിച്ച് വില്പന നടത്തുകയും വേണം. വില്പന നടത്തുവാൻ കഴിയാത്ത പ്ലാസ്റ്റിക്കുകൾ ബ്ലോക്കുതലത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകളിൽ ഷ്രെഡ് ചെയ്ത് പൊടിച്ച് റോഡ് ടാറിംങ്ങിനായി ഉപയോഗിക്കേണ്ടതുണ്ട്.

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുക്കളുടെ നിരോധനം 2020 ജനുവരി 1 മുതൽ പ്രാബല്യത്തിലാകുന്നതോടുകൂടി പ്ലാസ്റ്റിക്ക് മാലിന്യമുക്തമായ ഗ്രാമങ്ങൾ നമുക്ക് യാഥാർത്ഥ്യമാക്കാം. □

*ലേഖകൻ ശുചിത്വ മിഷനിൽ ഡയറക്ടർ (ഓപ്പറേഷൻസ്) ആണ്.*





# ഉള്ളത്ത പറഞ്ഞാൽ ഉറിയും ചിരിക്കും

■ മുരളീധരൻ തഴക്കര

ഉറി നമുക്ക് അന്തരീക്ഷത്തിൽ ത്തുങ്ങുന്ന അടുക്കളയലമാരയായിരുന്നു. പല തട്ടുകളുള്ള ഉറിയിൽ ആഹാരസാധനങ്ങൾ വച്ചു സൂക്ഷിച്ചിരുന്നു.

കൃഷ്ണലീലയിൽ ഒരു കഥയുണ്ട്. ബാലനായിരുന്ന കൃഷ്ണൻ വെണ്ണ മോഷ്ടിക്കാനെത്തിയിട്ട് അതിനു കഴിയാതെ ഉറിയിലിരുന്ന കലം കാലിക്കോൽ കൊണ്ട് പൊട്ടിച്ച് പാൽ കുടിച്ചു എന്ന്, സരസനായ ഒരു കവി ഒരൊറ്റ ശ്ലോകത്തിൽ കൃഷ്ണനോട് ഒരു ചോദ്യം ചോദിക്കുന്നുണ്ട്. അല്ലയോ കൃഷ്ണാ! "ഈ ഉറി തൊടാൻ നീളമില്ലാത്ത നീ എങ്ങനെയാണ് ഈ മൂന്നുലോകങ്ങളും മൂന്നടിയാൽ അളന്നത്?" എന്ന്.

ഉറി നമുക്ക് അന്തരീക്ഷത്തിൽ ത്തുങ്ങുന്ന അടുക്കളയലമാരയായിരുന്നു. പല തട്ടുകളുള്ള ഉറിയിൽ ആഹാരസാധനങ്ങൾ വച്ചു സൂക്ഷിച്ചിരുന്നു.

പണ്ട് ഏതൊരു വീട്ടിലും അടുക്കളയിൽ ഒന്നും രണ്ടും ഉറിയുണ്ടായിരുന്നു. യാതൊരു ചെലവുമില്ലാതെ വീട്ടമ്മമാർ സ്വന്തമായി തയ്യാറാക്കിയിരുന്ന ഒരു വീട്ടുപകരണം. പ്രകൃതിക്ക് ഭാരമാകാത്ത പ്രകൃതിജന്യമായ ഉപകരണം. രണ്ടു മൂന്നു ഓലക്കഷ്ണങ്ങൾ മെടഞ്ഞാണ് ഉറി ഉണ്ടാക്കിയിരുന്നത്. കലവും ചട്ടിയും മറ്റ് പാത്രങ്ങളും സൂക്ഷിച്ചു വെയ്ക്കാൻ പാകത്തിൽ തയ്യാറാക്കുന്ന ഉറി പരിസ്ഥിതി ബോധത്തിന്റെയും ലാളിത്യത്തിന്റെയും ഉത്തമ ഉദാഹരണമാണ്.

ഇന്നത്തെപ്പോലെ എത്രും ഏതും ദിവസങ്ങളോളം സൂക്ഷിച്ചുവെയ്ക്കാൻ കഴിയുന്ന റഫ്രിജറേറ്ററും മോഡേൺ അടുക്കളയുടെ ഭാഗമായുള്ള കിച്ചൺ ക്യാബിനുകളും അടുക്കളയുടെ മിനിയേച്ചറായ വർക്ക് ഏരിയായും ഒന്നുമില്ലാതിരുന്ന കാലത്ത് ഏറ്റവും അത്യന്താപേക്ഷിതമായിരുന്ന 'ഉറി'. പണ്ട് വീടുകളിൽ സാധനങ്ങളെന്തായിരുന്നാലും ആവശ്യത്തിലേറെ ഒരിക്കലും ബാക്കിവരുമായിരുന്നില്ല. അഥവാ അല്പമാത്രമായി ബാക്കി വന്നാൽ അത് ഉറിയിലാണ് സൂക്ഷിക്കുക- ഉറിയിൽ നിന്നെടുത്ത് ഉപയോഗിക്കുക അതായിരുന്ന രീതി. ചട്ടിയാകട്ടെ, കലമാകട്ടെ ഏതു സാധനവും ഉറിയിൽ വച്ചാൽ അത് ഭദ്രമായിരിക്കും. അങ്ങനെയായിരുന്നു അതിന്റെ നിർമ്മിതിയും ഘടനയും. അടുക്കളയിൽ പതുങ്ങിക്കടക്കുന്ന കള്ളപ്പൂച്ചകളും കട്ടുതിന്നാൻ വരുന്ന വികൃതികളും തൂങ്ങിയാടുന്ന ഉറി നോക്കി നിരാശരായി നെടുവീർപ്പിട്ടു തിരികെ പോയിരുന്നു.

പാല്, തൈര്, മറ്റു ഭക്ഷണസാധനങ്ങൾ എന്നിവയാണ് ഉറിയിൽ വച്ചിരുന്നത്. ഓലകൊണ്ടും കയറുകൊണ്ടും ഉറികൾ നിർമ്മിച്ചിരുന്നു. ചെറിയ പാത്രങ്ങൾ വയ്ക്കുന്നതിനും വലിയ പാത്രങ്ങൾ വയ്ക്കുന്നതിനും പല വലിപ്പത്തിലുള്ള ഉറികൾ ഉണ്ടായിരുന്നു.

പൂച്ചയ്ക്ക് കയറാൻ പറ്റാത്ത വിധത്തിൽ, എലി ചാടിക്കടക്കാനാവാത്തവിധം, ഉറുമ്പും പല്ലിയും കയറാത്ത വിധത്തിൽ തയ്യാറാക്കി കെട്ടിത്തൂക്കിയിരുന്ന ഉറി അടുക്കളയുടെ അവിഭാജ്യഘടകമായിരുന്നു. അന്തരീക്ഷത്തിൽ ത്തുങ്ങുന്ന അടുക്കള അലമാരയായിരുന്നു അത്. എപ്പോഴും നിറഞ്ഞ ഉറികൾ സമൃദ്ധിയുള്ള അടുക്കളയുടെ അടയാളമായി കരുതിപ്പോന്നു. ഉറി കാലിയാക്കി

## ...എന്ന് വായനക്കാർ

### അഭിനന്ദനങ്ങൾ

വൈവിധ്യമാർന്ന ലേഖനങ്ങൾകൊണ്ട് സമ്പന്നമായിരുന്നു പഞ്ചായത്ത്‌രാജ് മാസികയുടെ നവംബർ ലക്കം. പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കിയ മന്ത്രി എ.സി. മൊയ്തീന്റെ ലേഖനം മികച്ചതായി. പുതിയ ചട്ടങ്ങളിലെ വ്യവസ്ഥകൾ സംബന്ധിച്ച വിശദമായ ലേഖനം പ്രതീക്ഷിക്കുന്നു. മുരളീധരൻ തഴക്കരയുടെ അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ ഗൃഹാതുരത്വം ഉണർത്തുന്ന എന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. മലയാളിയുടെ മനസ്സിലെ നിഘണ്ടുവിൽ നിന്നും പോയ് മറഞ്ഞ നന്മകളിലേക്ക് ഓരോ പംക്തിയും വിരൽചൂണ്ടുന്നു. കേന്ദ്രപുരസ്കാരം നേടിയ പാപ്പിനിശ്ശേരിയുടെ വികസന തന്ത്രം പരിചയപ്പെടുത്തിയതും നന്നായി. മറ്റുള്ളവർക്കും അനുകരിക്കാമല്ലോ ഈ മാതൃക. കേരള സർക്കാർ സാമൂഹ്യ സുരക്ഷാപെൻഷനുകൾ എത്രമാത്രം ആകർഷകമാക്കിയാണ് സാധാരണക്കാർക്ക് നൽകുന്നതെന്ന് പറഞ്ഞുതന്ന പ്രശാന്ത് കുമാറിന്റെ ലേഖനത്തിനും അഭിനന്ദനങ്ങൾ.

**പ്രേമചന്ദ്രൻ,**
**കമലേശ്വരം**

പഞ്ചായത്ത് രാജ്
മാസികയിലേക്കുള്ള ലേഖനങ്ങളും
കത്തുകളും prmdp2018@gmail.com
എന്ന ഇ മെയിൽ വിലാസത്തിൽ
അയയ്ക്കേണ്ടതാണ്.

വയ്ക്കരുത് എന്നൊരു വിശ്വാസം നിലനിന്നുപോന്നു.

വാരാന്ത്യങ്ങളിലോ മാസാന്ത്യങ്ങളിലോ നാട്ടുമ്പുറങ്ങളിൽ നടക്കുന്ന ചന്തകളിൽ പലതരം ഉറികൾ വിൽപ്പനയ്ക്കു വന്നിരുന്നു. അടിഭാഗത്ത് ബലമുള്ള വൃത്തത്തിൽ കയർ ചുറ്റും മുകളിലേക്ക് മൂന്നു വശങ്ങളിലായി മെടഞ്ഞ വള്ളികൾ മുകളറ്റത്ത് ഒരുമിച്ചു കെട്ടി കൊളുത്താവുന്ന വിധത്തിൽ നീണ്ട ചരടോടു കൂടിയാണ് ഉറി ഉണ്ടാക്കിയിരുന്നത്. ഓലകൊണ്ട് നിർമ്മിക്കുന്ന ഉറി മെടഞ്ഞെടുക്കുകയാണ് പതിവ്. അതിന് പ്രത്യേക വൈദഗ്ധ്യം നേടിയ സമുദായക്കാർ ഉണ്ടായിരുന്നു. ഓണക്കാലത്ത് വലിയ കലങ്ങളിൽ ആഹാരസാധനങ്ങൾ സൂക്ഷിക്കേണ്ടി വരുമ്പോഴാണ് ഓലക്കൊണ്ടുള്ള വലിയ ഉറി ആവശ്യമായി വരുന്നത്.

ജീവിതത്തിൽ ഒഴിയാനാവാത്ത ഇടം നേടിയ വസ്തുക്കൾ നിത്യജീവിത ഭാഷയിൽ പഴമൊഴികളിൽ ലയിക്കും. ഉറി നമ്മുടെ നിരവധി പ്രയോഗങ്ങളിൽ വന്നിട്ടുണ്ട്. 'എന്താണിങ്ങനെ ഉറിപോലെ നിൽക്കുന്നത്' സംസാരത്തിനിടയിൽ നാം പലപ്പോഴും എടുത്തുപയോഗിക്കുന്ന പ്രയോഗവും ശൈലിയുമാണത്. നിസ്സംഗതയോടെ യാതൊന്നിനോടും പ്രതികരിക്കാത്തവരോടുള്ള ചോദ്യമാണിത്. കറിക്കലമൊഴിഞ്ഞാലും ഉറിക്കലം ഒഴിയരുത് എന്നു കരുതലിന്റെ പ്രാധാന്യത്തെ കുറിച്ച് പറയും.

ഉള്ളതു പറഞ്ഞാൽ ഉറിയും ചിരിക്കും' എന്ന് ഇന്നും നാം പറയുന്നു. അബദ്ധത്തിൽ പ്പെടുത്തി ആളെക്കുടുക്കുക എന്ന അർത്ഥത്തിൽ 'ഉറിയിൽക്കയറ്റുക' എന്ന ശൈലിയുണ്ട്. 'ഉറിപോലെ പോരുക' എന്നാണ് പറയുന്നതെങ്കിൽ പോയ കാര്യം നടക്കാതെ വെറുതെ മടങ്ങി വന്നു എന്നു കരുതാം. ആചാരാനുഷ്ഠാനവുമായി ബന്ധപ്പെട്ടും ഉറിക്ക് ഏറെ പ്രാധാന്യമുണ്ട്.

ഇപ്പോഴും ശ്രീകൃഷ്ണാഷ്ടമി നാളിൽ കേരളത്തിലുടനീളം ഈ അനുഷ്ഠാന ചടങ്ങ് നടക്കുന്നുണ്ട്. ഓലമെടഞ്ഞ് ഉറിയുണ്ടാക്കി അതിനുള്ളിൽ ക്ഷീരോല്പന്നങ്ങളോ മധുര പലഹാരങ്ങളോ നിറച്ച് കെട്ടിത്തൂക്കുകയും താളമേളങ്ങളോടെ ഘോഷയാത്രയായി കടന്നു വരുന്ന ബാലന്മാർ ഉറിയിൽ വെച്ചിട്ടുള്ള മൺകലം അടിച്ചുടച്ച് അതിനുള്ളിൽ വെച്ചിട്ടുള്ള ദ്രവ്യം കൈക്കലാക്കുകയും ആഹരിക്കുകയും ചെയ്യുന്നു. ഭഗവാൻ കൃഷ്ണന്റെ ബാലലീലകളുടെ പുനരാവിഷ്ക്കാരമാണിത്. കൃഷ്ണലീലയിൽ അവസാനിപ്പിക്കാം നമ്മുടെ ഉറി പുരാണം.

**"കൈത്തലം കൊണ്ടുറിയെത്തായ്ക കാരണം**
**ചിത്തത്തിൽ നല്ലൊരുപായം നിനച്ചുടൻ**
**മത്തുകങ്ങളെകൊണ്ട് പാൽ നിറഞ്ഞിട്ടുന്ന**
**പുത്തൻ കുടത്തിനിട്ടൊന്നു കുത്തീടിനാൻ"**

ഈ ബാലലീല നമ്മുടെ മനസ്സിൽ പതിഞ്ഞ ചിത്രമാണ്.

കരിപുരണ്ട കലവും ചട്ടിയും ഒന്നിനു മേലേ ഒന്നായി സൂക്ഷിച്ചിരുന്ന 'ഉറി' ഇന്നിതാ പഴമൊഴിയിലും ചെറുശ്ശേരി കവിതയിലും ഉറിയടിയിലും മാത്രമായിരിക്കുന്നു.

ഓലകൊണ്ടുള്ള ഉറിക്ക് പകരം ക്രമേണ കയറുകൊണ്ടുള്ള ഉറിയും സാർവ്വത്രികമായി. "ഉപ്പുതൊട്ടുറിയിലെ ചെറുമൺ കലങ്ങൾ വരെ ഒക്കെയും വന്നപഹരിച്ച്" എന്ന് ഒ.എൻ.വി. പാടുമ്പോൾ അധിനിവേശത്തിന്റെ ചിത്രം കല്ലിൽ കൊത്തിവച്ചതുപോലെ മനസ്സിൽ പതിയുന്നു. ഉറി നമ്മുടെ അടുക്കള പെരുമയുടെ അടയാളമായിരുന്നു. കാലം അതിനെ മെല്ലെയറുത്ത് മാറ്റി. പക്ഷെ ഓർമ്മകളിൽ നിന്ന് നഷ്ടമാകാതിരിക്കാൻ നാമല്ലേ കരുതേണ്ടത്? ഇതൊരു സൗമ്യമായ ഓർമ്മപ്പെടുത്തലാണ്.

ഉറിപോലെ തന്നെ പഴയ അടുക്കളയിൽ തിരികയും ഉണ്ടായിരുന്നു. അടുപ്പിൽ നിന്നു വാങ്ങിയെടുക്കുന്ന പാകം ചെയ്ത ഭക്ഷണ പദാർത്ഥങ്ങളോടുകൂടിയ ചട്ടിയും കലവും മറ്റും നിലത്ത് തറയിൽ അല്ല വയ്ക്കുന്നത്. അവ മറിയുകയോ ചെരിയുകയോ ചെയ്യാതെ ഇറക്കി വയ്ക്കുന്നതിനുള്ള സംവിധാനമായിരുന്നു. ചെറിയ വൃത്താകൃതിയിൽ കമുകിന്റെ ഉണങ്ങിയ ഓലയായ തണങ്ങു കൊണ്ട് തിരികയുണ്ടാക്കിയിരുന്നത്. ആവശ്യത്തിന് തണങ്ങെടുത്ത് വൃത്താകൃതിയിൽ വളച്ച് നൂൽക്കമ്പിയോ, കാട്ടുവള്ളിയോ, ചരടോ കൊണ്ട് നന്നായി കെട്ടി തയ്യാറാക്കുന്ന തിരിക മാസങ്ങളോളം കേടാകാതെ ഉപയോഗിക്കാൻ കഴിയും. യാതൊരു പണച്ചിലവുമില്ലാതെ വീട്ടുപരിസരത്തുള്ള സാധനങ്ങൾ മാത്രം ഉപയോഗിച്ച് തയ്യാറാക്കുന്ന പ്രകൃതിയോടു ചേരുന്ന വീട്ടുപകരണം. ഇപ്പോൾ തണങ്ങ് തിരികയ്ക്ക് പകരം ഇരുമ്പ് കൊണ്ടും സ്റ്റീലുകൊണ്ടും ഉള്ള തിരികയാണ് നമ്മുടെ ആധുനിക അടുക്കളയിൽ നാം സാർവ്വത്രികമായി ഉപയോഗിക്കുന്നത്. ഇതിന്റെ പൂർവ്വികനായി ഉണ്ടായിരുന്ന തണങ്ങു കൊണ്ടുള്ള തിരികയുണ്ടാക്കി കുട്ടികളെ കാണിച്ചുകൊടുത്താൽ നന്ന്.

പണം കൊടുത്ത് വിപണിയിൽ നിന്ന് വാങ്ങാതെ പ്രായോഗിക ബുദ്ധിയും കരവിരുതും കൊണ്ട് തയ്യാറാക്കുന്ന പ്രകൃതിക്ക് സുകൃതമായിരുന്ന ഇങ്ങനെയുള്ള ചില ഉപകരണങ്ങളും സംവിധാനങ്ങളും അവർ കാണട്ടെ. അതിന്റെ സവിശേഷ നന്മകൾ തിരിച്ചറിയട്ടെ.

☐




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** December 2019
Annual Subscription ₹120, Published on 20 December 2019

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by M.P. Ajith Kumar, Director (in-charge), Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: M.P. Ajith Kumar